# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 241

22.02.2011-ൽ മറുപടിക്ക്.

## പ്രവാസികൾക്കായി പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. പി.ടി.എ. റഹീം :<br>ശ്രീ. എ.എം. യൂസഫ് : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പ്രവാസികൾക്കായി പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ പദ്ധതി തയ്യാറാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) പ്രവാസികൾക്കായി പ്രത്യേക വ്യവസായ പാർക്ക് ആരംഭിക്കുന്ന കാര്യം കെ.എസ്.ഐ.ഡി.സി പരിഗണിച്ച് വരികയാണ്. നിലവിൽ, കിൻഫ്രയുടെ എല്ലാ വ്യവസായ പാർക്കുകളിലും പ്രവാസി വ്യവസായ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിന് മുൻഗണന നൽകുന്നുണ്ട്. |
| (ബി) ന്യൂഡെൽഹിയിൽ കേന്ദ്ര സർക്കാർ സംഘടിപ്പിച്ച പ്രവാസി ഭാരതീയ ദിവസ് സംസ്ഥാനത്ത് പ്രവാസി നിക്ഷേപ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് പ്രയോജനപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) ഉണ്ട്. കേരളത്തിലെ നിക്ഷേപ സൗഹൃദ അന്തരീക്ഷത്തെക്കുറിച്ചും സംസ്ഥാനത്ത് നടപ്പിലാക്കാൻ സാദ്ധ്യതയുള്ള വിവിധ മേഖലകളിലുള്ള പ്രോജക്ടുകളെക്കുറിച്ചും പ്രവാസി നിക്ഷേപകരിൽ അവബോധനം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ ഏതെല്ലാം പദ്ധതികളാണ് സമ്മേളന--ത്തിലെ കേരള സെഷനിൽ അവതരിപ്പിച്ചത് ; | (സി) ടൂറിസം, ഐ.ടി., ഇൻഫ്രാട്രക്ച്ചർ, സർവ്വീസ് സെക്ടർ തുടങ്ങി കേരളത്തിൽ നിക്ഷേപ സാദ്ധ്യതയുള്ള മേഖലകളിൽ ഉൾപ്പെട്ട പദ്ധതികളാണ് കേരള സെഷനിൽ അവതരിപ്പിച്ചത്. |
| (ഡി) ചെറുകിട നിക്ഷേപകരെ ആകർഷിക്കുന്ന പദ്ധതികൾ സമ്മേളനത്തിൽ അവതരിപ്പിച്ചിട്ടുണ്ടോ ; | (ഡി) ഉണ്ട്. |
| (ഇ) സംസ്ഥാനത്തെ നിക്ഷേപക സൗഹൃദാന്തരീക്ഷം നിക്ഷേപകരെ ബോധ്യപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ ? | (ഇ) ഉണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 242 22.02.2011-ൽ മറുപടിക്ക്

ദുരന്തനിവാരണ നയം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. രാജു<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. എ.കെ. ചന്ദ്രൻ | | ശ്രീ. കെ.പി രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) | ഈ സർക്കാർ ദുരന്തനിവാരണ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. റവന്യൂ (ദുരന്തനിവാരണ) വകുപ്പിന്റെ കീഴിൽ സംസ്ഥാനതലത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ദുരന്തനിവാരണ നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സംസ്ഥാനത്തുണ്ടാകുന്ന എല്ലാ ദുരന്തങ്ങളെയും ഫലപ്രദമായി നേരിടുന്നതിനും ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റവന്യൂ, ആരോഗ്യം, ആഭ്യന്തരം, ധനകാര്യ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായുള്ള ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തുണ്ടാകുന്ന |

| | | | |
|---|---|---|---|
| | | | എല്ലാത്തരം ദുരന്തങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ വകുപ്പ് റവന്യൂ(ദുരന്ത നിവാരണ) വകുപ്പായിരിക്കും. എല്ലാത്തരം ദുരന്തനിവാരണ പ്രവർത്തനങ്ങളുടെയും ഏകോപനത്തിനായി റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ കലക്ട്രേറ്റുകളിലും ദുരന്തനിവാരണത്തിനായി പ്രത്യേക വിഭാഗം രൂപീകരിക്കുകയും ഇതിന്റെ ചുമതല ദുരന്ത നിവാരണ ഡെപ്യൂട്ടി കലക്ടർമാർക്ക് നൽകുകയും ചെയ്തു. ഇതിനായി 8 ഡെപ്യൂട്ടി കലക്ടർമാരുടെ തസ്തിക പുതിയതായി സൃഷ്ടിച്ചു. ദുരന്തങ്ങളെ ഫലപ്രദമായി നേരിടുന്നതിന് 14 ജില്ലകളിലും ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന ജില്ലാ ഭരണകൂടങ്ങൾ, വിവിധ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതു സമൂഹം, സന്നദ്ധ സംഘടനകൾ എന്നിവയുടെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ നയം ആവിഷ്ക്കരിച്ചു. കൂടാതെ സംസ്ഥാന ദുരന്ത നിവാരണ പ്ലാനിന്റെ രൂപരേഖ 21.02.2011 ൽ പ്രകാശനം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് വെള്ളയമ്പലം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയേഴ്സ് കോമ്പൗണ്ടിൽ 45 സെന്റ് സ്ഥലം അനുവദിച്ചു. രണ്ട് കോടി രൂപ ചിലവിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

| | | |
|---|---|---|
| | | സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ കളക്ട്രേറ്റുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവയെ സ്റ്റേറ്റ് കൺട്രോൾ റൂമുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള കേരളത്തിലെ 9 തീരദേശജില്ലകൾക്കായുള്ള മുന്നറിയിപ്പ് സംവിധാനം യു.എൻ.ഡി.പി-യുടെ സഹകരണത്തോടെ നടപ്പിലാക്കി. നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ടിന്റെ കീഴിൽ പൈലറ്റ് പ്രൊജക്ട് ആയി കോഴിക്കോട് ജില്ലയിൽ രണ്ടും കണ്ണൂർ ജില്ലയിൽ ഒന്നും വീതം സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുകയും സെൻട്രൽ പി.ഡബ്ല്യൂ.ഡി വകുപ്പ് മുഖേനെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.. ഇതു കൂടാതെ ഈ പ്രൊജക്ടിന്റെ കീഴിൽ 9 തീരദേശ ജില്ലകളിൽ 40 സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രൊജക്ട് പ്രൊപ്പൊസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും ദുരന്തനിവാരണ പരിശീലനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചു. യുവജനക്ഷേമ ബോർഡിന്റെ സഹകരണത്തോടെ എല്ലാ പഞ്ചായത്തുകളിലും ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ജില്ലാ ഭരണകൂടത്തെ സഹായിക്കുന്നതിലേക്കായി യുവ കർമ്മ സേന രൂപീകരിക്കുന്നതിനും പദ്ധതിയുണ്ട്. |

| | | | |
|---|---|---|---|
| | | | മലപ്പുറം ജില്ലയിൽ അരീക്കോട് 8 കുട്ടികളുടെ മരണത്തിനിടയാക്കിയ തോണി അപകടത്തിന്റെ പശ്ചാത്തലത്തിൽ സ്കൂൾ വിദ്യാർത്ഥികൾ കൂടുതലായി ഉപയോഗിക്കുന്ന കടവുകളിൽ സുരക്ഷാ പാലങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും 30 പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ അപകടം നടന്ന മൂർക്കോത്ത് അരീക്കോട് കടവിൽ 136 ലക്ഷം രൂപ ചിലവിൽ പാലം പണി പൂർത്തിയായിട്ടുണ്ട്. ഇത്തരത്തിലുള്ള 525 പാലങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചുകൊണ്ട് പ്രൊപ്പൊസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ദുരന്ത നിവാരണ സേനയുടെ ഒരു സ്ഥിരം യൂണിറ്റ് കോഴിക്കോട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇടുക്കി കേന്ദ്രമാക്കി സംസ്ഥാന ദുരന്ത നിവാരണ സേനയുടെ ഒരു യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ പോലീസ് അക്കാദമിയോട് ചേർന്ന് സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടിയും പൂർത്തിയായി വരുന്നു. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് 40 ടൺ കപ്പാസിറ്റിയുള്ള ഓരോ ക്രെയിനുകൾ കൊല്ലം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലേക്കായി വാങ്ങുന്നതിന് 130 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| **(ബി)** | യുവജന കർമ്മ സേന, സുരക്ഷാ ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാ | **(ബി)** | കേരളത്തിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കുട്ടികളുമായി ബന്ധപ്പെട്ട ദുരന്തങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ടും, |

| | | | |
|---|---|---|---|
| | ണെന്ന് വ്യക്തമാക്കുമോ; | | ദുരന്തങ്ങളെക്കുറിച്ചും ദുരന്ത നിവാരണ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള അവബോധം കുട്ടികളിൽ സൃഷ്ടിക്കേണ്ട ആവശ്യകത കണക്കിലെടുത്തും, ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായ സ്കൂൾ സുരക്ഷ എന്ന ആശയം സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിന്റെയും ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ "നമ്മുടെ സുരക്ഷ" എന്ന പേരിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും സുരക്ഷാ ക്ളബ്ബുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി 175 ലക്ഷം രൂപ വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട് യുവജന ക്ഷേമ ബോർഡിന്റെ സഹകരണത്തോടെ എല്ലാ പഞ്ചായത്തുകളിലും ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ജില്ലാ ഭരണകൂടത്തെ സഹായിക്കുന്നതിലേക്കായി യുവ കർമ്മ സേന രൂപീകരിക്കുന്നതിനും പദ്ധതിയുണ്ട്. |
| **(സി)** | തോണി അപകടങ്ങൾ ഒഴിവാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | **(സി)** | മലപ്പുറം ജില്ലയിൽ അരീക്കോട് 8 കുട്ടികളുടെ മരണത്തിനിടയാക്കിയ തോണി അപകടത്തിന്റെ പശ്ചാത്തലത്തിൽ സ്കൂൾ വിദ്യാർത്ഥികൾ കൂടുതലായി ഉപയോഗിക്കുന്ന കടവുകളിൽ സുരക്ഷാ പാലങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി ജില്ലാ കലക്ടർമാർ മുഖേനെ ഒരു സർവ്വെ നടത്തുകയും ചെയ്തു. സംസ്ഥാനത്ത് വിദ്യാർത്ഥികൾ കൂടുതലായി ഉപയോഗിക്കുന്ന 554 പാലങ്ങൾ ഉണ്ടെന്ന് കണ്ടെത്തി. ഇതിൽ കുട്ടികൾ കൂടുതലായി |

ഉപയോഗിക്കുന്ന പാലങ്ങൾ കണ്ടെത്തി. കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ 3 പാലം വീതവും ബാക്കിയുള്ള ജില്ലകളിൽ രണ്ട് പാലങ്ങൾ വീതവും അങ്ങനെ സംസ്ഥാനത്ത് 30 സുരക്ഷ പാലങ്ങൾ നിർമ്മിക്കാൻ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ അപകടം നടന്ന മൂർക്കോത്ത് [illegible] കടവിൽ 136 ലക്ഷം രൂപ ചിലവിൽ പാലം പണി പൂർത്തിയായിട്ടുണ്ട്. ഇത്തരത്തിലുള്ള 525 പാലങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചുകൊണ്ട് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : **243**

**22.02.2011** ൽ
മറുപടിക്ക്

### പൊതുമേഖലാ വ്യവസായ രംഗത്ത് ഉണ്ടായിട്ടുള്ള പുരോഗതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സാജു പോൾ :<br>ശ്രീ. ബാബു. എം. പാലിശ്ശേരി:<br>ശ്രീ. സി.കെ.പി. പത്മനാഭൻ:<br>ശ്രീ. രാജു എബ്രഹാം : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലാ വ്യവസായ രംഗത്ത് ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2005-06 സാമ്പത്തിക വർഷം) വ്യവസായ വകുപ്പിന്റെ അധീനതയിൽ 31 പൊതു മേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം അത് 5 ആയി കുറഞ്ഞിട്ടുണ്ട്. കഴിഞ്ഞ നാലുവർഷത്തെ പ്രവർത്തനത്തിന്റെ അവലോകനം അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം 69.45 കോടിരൂപയായിരുന്നു. എന്നാൽ 2009-10 സാമ്പത്തിക വർഷത്തെ അവലോകന റിപ്പോർട്ട് പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം ലാഭം 239.75 കോടി രൂപയായി ഉയർത്തുവാൻ സാധിച്ചു. |
| (ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു. |
| (സി) മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (സി) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമർത്ഥരായ ചീഫ് എക്സിക്യൂട്ടീവ്മാരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ സമർത്ഥരായവരെ ലഭിക്കുന്നതിനായി പൊതുമേഖലാസ്ഥാപനങ്ങളുടെ മേധാവികളുടെ ശമ്പളം കാറ്റഗറി അനുസരിച്ച് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കമ്പനികളുടെ ഡയറക്ടർമാരായി വിദഗ്ദ്ധരായവരെ നിയമിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട് |

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതുതായി എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2006-07 മുതൽ 5850 -ൽ അധികം തൊഴിലവസരങ്ങളുണ്ടായിട്ടുണ്ട്.

കൂടാതെ വ്യവസായ വകുപ്പിന്റെ അധീന തയിൽ പുതുതായി ആരംഭിച്ച ഉൽപ്പാദന യൂണിറ്റുകളിലേക്കും വിപുലീകരണ പദ്ധതി കൾക്കുമായി 1919 പേരെ നിയമിക്കുന്നതിനുള്ള സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സുതാര്യമായ നടപടി ക്രമങ്ങളിലൂടെ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുതിനും ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉൽപ്പാദനക്ഷമതയും, ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുവാൻ അതാത് സ്ഥാപനങ്ങളുടെ മാനേജ്മെന്റ് തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ എല്ലാ അംഗീകൃത ട്രേഡ് യൂണിയൻ പ്രതിനിധികളെയും സംസ്ഥാനതല ട്രേഡ് യൂണിയൻ നേതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചും സർക്കാർ സ്വീകരിച്ചു വരുന്ന നടപടികളെ സംബന്ധിച്ചുമുള്ള മീറ്റിംഗുകൾ സംഘടിപ്പിക്കുകയും, സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് മീറ്റിംഗിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും സർക്കാർ പരിഗണിച്ചുവരുന്നു.

(എഫ്) പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പളപരിഷ്ക്കരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

(എഫ്) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ ശമ്പളപരിഷ്ക്കരണത്തിന്റെ വിവരം അനുബന്ധം - 3 ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 244 22.2.2011ൽ മറുപടിക്ക്**

## കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ:<br>ശ്രീ. വി.ജെ. തങ്കപ്പൻ:<br>ശ്രീ. എം. ചന്ദ്രൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| എ) കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | എ) സംസ്ഥാനത്തെ ഒറ്റത്തറിക്കാരായ നെയ്ത്തുകാർക്ക് മുഴുവൻ സമയം തൊഴിൽ നൽകുകയും അതുവഴി അവരുടെ ജീവിതനിലവാരം ഉയർത്തുകയുമാണ് കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. സ്ഥിരമായി തൊഴിൽ നൽകുന്നതിനു പുറമേ നെയ്ത്തുകാരുടെ ക്ഷേമത്തിനായി കേന്ദ്രസംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ച ഇൻഷ്വറൻസ് പദ്ധതി, അംശദാന മിതവ്യയ ഫണ്ട് എന്നിവയും ഹാൻവീവ് നടത്തി വരുന്നുണ്ട്. |
| ബി) ഒറ്റത്തറിക്കാരായ നെയ്ത്തുകാരെ സഹായിക്കുന്നതിനായി കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; | ബി) നെയ്ത്തുകാർക്ക് ഓരോ ആഴ്ചയും നൂലും, ഉല്പാദിപ്പിക്കേണ്ട തുണിത്തരങ്ങളുടെ ഡിസൈനും നൽകുകയും ഇതനുസരിച്ച് അവർ |

ഉണ്ടാക്കിയ ഉത്പ്പന്നങ്ങൾക്കുള്ള പ്രതിഫലം നൽകി സംഭരിക്കുകയും ചെയ്യുന്നു. ഇതിനായി സംസ്ഥാനത്ത് നെയ്ത്തുകാർ അധികമായി താമസിക്കുന്ന 32 കേന്ദ്രങ്ങളിൽ മുഴുവൻ സമയ പ്രൊഡക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററുകളിൽ സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരുടെ സേവനം ലഭ്യമാണ്. ഓഫീസ് ജോലിക്ക് പുറമേ ഇവർ നെയ്ത്തുകാരുടെ വീടുകൾ സന്ദർശിച്ച് നെയ്ത്തുകാർക്ക് വേണ്ടുന്ന നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നുണ്ട്.

| | |
|---|---|
| സി) കൈത്തറിക്കാർക്ക് പുതിയ ഡിസൈനുകളിൽ പരിശീലനം നൽകുന്നതിനും ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ പൂർണ്ണമായും സംഭരിക്കുന്നതിനും കോർപ്പറേഷൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | സി) കേന്ദ്രാവിഷ്കൃത പദ്ധതികളായ തനിമ, കൃതിക വഴിയും, പാലക്കാട് മിനി ക്ലസ്റ്ററിന്റെ കീഴിലും നെയ്ത്തുകാർക്ക് പുതിയ ഡിസൈനിൽ ഉത്പാദനത്തിലുള്ള പരിശീലനം നൽകുന്നുണ്ട്. |
| ഡി) മാർക്കറ്റിംഗ് ഇൻസെന്റീവിനായി കോർപ്പറേഷന് കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ഡി) നിബന്ധനകൾക്ക് വിധേയമായി എല്ലാ വർഷവും ഹാൻവീവിന് മാർക്കറ്റിംഗ് ഇൻസന്റീവ് ലഭിക്കാറുണ്ട്. ഇതിൽ 50% കേന്ദ്രസർക്കാർ വിഹിതവും, 50% സംസ്ഥാന സർക്കാർ വിഹിതവുമാണ്. 2009-10 വർഷത്തിൽ 12.93 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷം 8.86 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതമായി ലഭിച്ചിട്ടുണ്ട്. ഈ രണ്ട് |

വർഷങ്ങളിലെ കേന്ദ്ര സർക്കാർ വിഹിതം ലഭിച്ചിട്ടില്ല. 2008–09 വരെ കേന്ദ്രസർക്കാർ വിഹിതവും സംസ്ഥാന സർക്കാർ വിഹിതവും ലഭിച്ചിട്ടുണ്ട്.

ഇ) ഹാൻവീവ് ഉൽപ്പന്നങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

ഇ) നെയ്ത്തുകാരിൽ നിന്നും ഉൽപ്പന്നങ്ങൾ സംഭരിക്കുമ്പോൾ ഗുണമേന്മ ഉറപ്പ് വരുത്താറുണ്ട്. ഗുണമേന്മ ഇല്ലാത്ത ഉൽപ്പന്നങ്ങൾ ഹാൻവീവ് സംഭരിക്കാറില്ല. ഉല്പാദനകേന്ദ്രങ്ങളിലെ സാങ്കേതിക വിദഗ്ദ്ധർ, നെയ്ത്തുകാരുടെ വീടുകൾ സന്ദർശിച്ച് ഉല്പാദന തകരാർ തീരെ ഇല്ലാതാക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകാറുണ്ട്.

എഫ്) കോർപ്പറേഷന്റെ പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

എഫ്) കോർപ്പറേഷന്റെ പ്രവർത്തനത്തിനാവശ്യമായ മൂലധനം ലഭ്യമാക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ സർക്കാർ 400 ലക്ഷം രൂപ ഓഹരി മൂലധനമായി അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം-245 22/02/2011 ൽ മറുപടിയ്ക്ക്

**എല്ലാ സർവ്വകലാശാലകളിലും ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. ബാബു<br>ശ്രീ. എ.എ. ഷുക്കൂർ<br>ശ്രീ. എൻ. ശക്തൻ | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനം ഏർപ്പെടുത്തി കഴിഞ്ഞുവോ; | (എ) കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല എന്നിവിടങ്ങളിൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാനും വിവിധ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് വ്യത്യസ്ത രീതിയിലുള്ള ഇച്ഛാധിഷ്ഠിത സെമസ്റ്റർ സംവിധാനം തെരഞ്ഞെടുക്കാൻ കൂടുതൽ അവസരം ലഭ്യമാക്കാനും എന്തൊക്കെ പുതിയ ക്രമീകരണങ്ങൾ നടപ്പിലാക്കണമെന്ന നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്; | (ബി) നിലവിലുള്ള രീതികൾക്ക് പുറമെ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിന് കോളേജുകളുടെ ക്ലസ്റ്റർ സമ്പ്രദായം വ്യാപകമാക്കണമെന്ന നിർദ്ദേശമാണ് ഉയർന്നുവന്നിട്ടുള്ളത്. |
| (സി) ഓരോ സ്ഥാപനങ്ങളുടേയും വിഭവശേഷി പ്രയോജനപ്പെടുത്തുന്നതിനായി ഇപ്പോൾ സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് ക്ലസ്റ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (സി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ് ഇപ്പോൾ ക്ലസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) പ്രസ്തുത സംവിധാനം ഇനി ഏതൊക്കെ ജില്ലകളിൽ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | (ഡി) നിലവിലുള്ള ക്ലസ്റ്ററുകളുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമെങ്കിൽ ഘടനാപരമായ മാറ്റങ്ങളോടെ കൂടുതൽ ക്ലസ്റ്ററുകൾ കൂടുതൽ ജില്ലകളിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ</u> : 246    22-2-2011 —ൽ <u>മറുപടിക്ക്</u>

<u>ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സിഡ്കോ നൽകിവരുന്ന സഹായങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീമതി. കെ.കെ. ലതിക | ശ്രീ. എളമരം കരീം<br>(ബഹു: വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കേരള ചെറികിട വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) സിഡ്കോ കേരളത്തിലെ ചെറുകിട വ്യവസായ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും ചെറുകിട വ്യവസായ ഉല്പന്നങ്ങൾക്ക് ആവശ്യമായ വിപണി കണ്ടെത്തി കൊടുക്കുകയും ചെയ്യുന്നു. കൂടാതെ വ്യവസായ എസ്റ്റേറ്റുകളുടെ നടത്തിപ്പും വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ, ടെലികമ്മ്യൂണിക്കേഷൻ രംഗത്ത് ആധുനിക സൗകര്യങ്ങൾ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ഇവ നടത്തുന്നു. |
| (ബി) സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു പുനരുദ്ധാരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |
| (സി) ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സിഡ്കോ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ; | (സി) ചെറുകിട വ്യവസായ യൂണിറ്റുകൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ജില്ലാതല ഡിപ്പോകൾ വഴി വിതരണം നടത്തുകയും അവരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തിക്കൊടുക്കുകയും ചെയ്യുന്നു. |

| | |
|---|---|
| (ഡി) ചെറുകിട വ്യവസായ ഉല്പന്നങ്ങളുടെ വിപണനത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) ചെറുകിട വ്യവസായ ഉല്പന്നങ്ങളുടെ വിപണനത്തിനായി ജില്ലാതല വിപണന കേന്ദ്രങ്ങൾ വഴി ആവശ്യമായ വിപണന സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്. |
| (ഇ) ഇപ്പോൾ ഏതെല്ലാം വ്യവസായ പാർക്കുകളുടെ നിർമ്മാണമാണ് നടന്നു വരുന്നത്; | (ഇ) ഇപ്പോൾ സിഡ്കോയുടെ കീഴിൽ പുതിയ വ്യവസായ പാർക്കുകളുടെ നിർമ്മാണം ഒന്നും നടക്കുന്നില്ല. |
| (എഫ്) കോർപ്പറേഷന്റെ പ്രവർത്തനമേഖല വിപുലീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എഫ്) കോർപ്പറേഷന്റെ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വ്യവസായ എസ്റ്റേറ്റുകളെ മാതൃകാ എസ്റ്റേറ്റുകളാക്കി മാറ്റുന്നതിനുള്ള പുനരുദ്ധാരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ പുതിയ ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ തുടങ്ങുവാനുള്ള പ്രവർത്തനങ്ങൾ ധൃതഗതിയിൽ നടന്നുവരുന്നു. |
| (ജി) തിരുവനന്തപുരത്ത് ടെലികോം സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ? | (ജി) ടെലികോംസിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായി. തുടർനടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **247 :** **22/02/2011**-ൽ മറുപടിക്ക്

**കൊച്ചി കായലിനു മുകളിലെ നിർദ്ദിഷ്ട ആകാശ നഗരം**

ചോദ്യം ഉത്തരം

ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. യു. സി. രാമൻ :

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി കായലിനു മുകളിലെ നിർദ്ദിഷ്ട ആകാശ നഗരം പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | കൊച്ചിയിലെ 'ആകാശ നഗരം' പദ്ധതിക്ക് അനുമതി നൽകുന്ന കാര്യത്തെക്കുറിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്. ആവശ്യമായ അനുമതികൾ/ നിരാക്ഷേപ പത്രങ്ങൾ/ ക്ലിയറൻസുകൾ മുതലായവ നൽകുന്ന കാര്യം പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക്/ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഏകജാലക സംവിധാനത്തിലൂടെ ഈ പദ്ധതിക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്പോൾ പദ്ധതി ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (സി) | ഇത് സംബന്ധിച്ച് 2007 ഫെബ്രുവരിയിൽ മുഖ്യമന്ത്രി ചീഫ് സെക്രട്ടറിക്കു നൽകിയ കുറിപ്പിനെക്കുറിച്ച് വ്യവസായ വകുപ്പിന് അറിവുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ഉണ്ട്. കേരള സംസ്ഥാന പ്ളാനിംഗ് ബോർഡ് സമർപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ യശോറാം സ്കൈ സിറ്റി പ്രോജക്ട് പരിശോധിക്കുന്ന തിനായാണ് 14/02/2007 ൽ ബഹു. കേരള മുഖ്യമന്ത്രി ചീഫ് സെക്രട്ടറിക്ക് കുറിപ്പ് നൽകിയത്. |
| (ഡി) | ചുവപ്പു നാട മൂലം ഇതുപോലുള്ള പദ്ധതികളും വികസന പ്രവർത്തനങ്ങളും തടസ്സപ്പെടുന്നതായി സർക്കാർ കരുതുന്നുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | പ്ളാനിംഗ് ബോഡ് വൈസ് ചെയർമാൻ ഈ പദ്ധതിയെ സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (ഇ) | ഉണ്ട്. പ്ളാനിംഗ് ബോർഡ് വൈസ് ചെയർമാന്റെ അഭിപ്രായങ്ങളുടെ ചുരുക്കം ചുവടെ ചേർക്കുന്നു.<br>വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രൊമോർട്ടർമാർ സമർപ്പിച്ചിട്ടില്ല. ഇത് അതി ബൃഹത്തായ ഒരു പദ്ധതിയായതുകൊണ്ട്, സംസ്ഥാന സർക്കാരിൽ നിന്ന് 'തത്വത്തിലുള്ള അംഗീകാരം' ലഭിക്കുന്നതു വരെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പണം മുടക്കുന്നതിന് പ്രോജക്ട് പ്രൊമോർട്ടർമാർ മുന്നോട്ടു വന്നിട്ടില്ല. കൊച്ചി ടൗൺ പ്ളാനിംഗ് അതോറിറ്റി, സംസ്ഥാന വൈദ്യുതി ബോർഡ്, സംസ്ഥാന നിയമ വകുപ്പ് മുതലായ ഏജൻസികൾ/ വകുപ്പുകൾ 'തത്വത്തിലുള്ള അംഗീകാരം' നൽകിയാൽ മാത്രമേ സംസ്ഥാന സർക്കാരിന് പദ്ധതിക്ക് 'തത്വത്തിലുള്ള അംഗീകാരം' നൽകാൻ സാധിക്കൂ. ആയതിനാൽ പ്രസ്തുത |

| | | | |
|---|---|---|---|
| | | | ഏജൻസികൾ/ഡിപ്പാർട്ടുമെന്റുകൾ എന്നിവയുടെ ക്ളിയറൻസ് ആദ്യം ലഭ്യമാകേണ്ടതാണ്.<br>ചുവടെ ചേർക്കുന്ന നടപടികൾ സർക്കാർ കൈക്കൊള്ളണമെന്ന് ആസൂത്രണ കമ്മീഷൻ ചെയർമാൻ അഭിപ്രായപ്പെടുന്നു.<br>1. കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം കമ്പനിക്ക് സ്വതന്ത്രമായി വിനിയോഗിക്കാൻ കഴിയില്ലെന്ന് കമ്പനിയെ അറിയിക്കുകയും കമ്പനിയുടെ ഒരു നിശ്ചിത ശതമാനം ഇക്വിറ്റി (കുറഞ്ഞ പക്ഷം 26 %) നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതി നൽകുന്നതിന് വില ആയി സർക്കാർ കൈവശം വയ്ക്കേണ്ടതുമാണ്.<br>2. കൊച്ചി ടൗൺ പ്ളാനറുടെ അനുമതിയോടെയാകണം പ്രോകജ്ട് അംഗീകാരത്തിനായി സർക്കാരിലേക്ക് എത്തേണ്ടത്. മറ്റേതെല്ലാം ഏജൻസികളിൽ നിന്നുകൂടി പ്രോജക്ടിനു അംഗീകാരം ആവശ്യമാണെന്ന കാര്യം ടൗൺ പ്ളാനറിന് നിർദ്ദേശിക്കാവുന്നതാണ്.<br>3. ആവശ്യമായ 'തത്വത്തിലുള്ള അംഗീകാരങ്ങൾ.' വിവിധ വകുപ്പുകൾ ഏജൻസികൾ എന്നിവയിൽ നിന്നും ലഭ്യമായതിനു ശേഷം, പദ്ധതിക്ക് സർക്കാരിന്റെ തത്വത്തിലുള്ള അനുമതി നൽകുന്നതിന് മുന്നോടിയായി ഒരു 'പബ്ളിക് ഹിയറിംഗ്' നടത്തേണ്ടതാണ്. |

| | | | |
|---|---|---|---|
| (എഫ്) | ഏതൊക്കെ വകുപ്പുകളിൽ നിന്നാണ് ഇനി ക്ളിയറൻസ് ലഭിക്കാനുള്ളത്; അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | (എഫ്) | (എ) പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 22.02.2011-ൽ |
| ചോദ്യം നമ്പർ : T * 248 | മറുപടിക്ക്. |

## അൽബറാക് ഫിനാൻഷ്യൽ സർവ്വീസസ് ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി. മൊയ്തീൻ :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. പി. ജയരാജൻ :<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇസ്ലാമിക ബാങ്കിംഗ് മാതൃകയിലുള്ള ധനകാര്യ സ്ഥാപനമായ അൽബറാക് ഫിനാൻഷ്യൽ സർവീസസ് ആരംഭിക്കുന്നതിനുള്ള നിയമ തടസ്സം നീങ്ങിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) അൽബറാക് ഫിനാൻഷ്യൽ സർവ്വീസസിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. |
| (ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ ; | (ബി) അൽബറാക് ഫിനാൻഷ്യൽ സർവ്വീസസ് ലക്ഷ്യമിടുന്നത് ശരിയത്ത് തത്വങ്ങളുടെ അടിസ്ഥാനത്തിൽ പലിശരഹിത ഫിനാൻഷ്യൽ സ്ഥാപനമായി പ്രവർത്തിയ്ക്കാനാണ്. റിസർവ്വ് ബാങ്കിന്റെ അനുമതി നേടി N.B.F.C ആയും സെബി അനുമതി നേടിയിട്ട് വെൻചർ ക്യാപിറ്റൽ / പി.ഇ. ഫണ്ട് മുതലായ മേഖലകളിൽ പ്രവർത്തിയ്ക്കുവാനുമാണ് സ്ഥാപനം ലക്ഷ്യമിടുന്നത്. |
| (സി) സർക്കാരിനോ സർക്കാർ സ്ഥാപനങ്ങൾക്കോ പ്രസ്തുത സ്ഥാപനത്തിൽ ഓഹരി പങ്കാളിത്തം ഉണ്ടായിരിക്കുമോ ; എങ്കിൽ വ്യക്തമാക്കുമോ ; | (സി) കേരള സർക്കാർ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി ഈ സ്ഥാപനത്തിൽ 11% ഓഹരി പങ്കാളിത്തം നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) ബാങ്കിന്റെ മൊത്തം ഓഹരിമൂലധനം എത്ര കോടി രൂപയായിരിക്കുമെന്ന് വെളിപ്പെടുത്തുമോ ; | (ഡി) അൽബറാക് ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡിന്റെ അംഗീകൃത മൂലധനം ആയിരം കോടി രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഈ ഓഹരി മൂലധനം സ്ഥാപനം ഘട്ടം ഘട്ടമായി സമാഹരിയ്ക്കുന്ന--തായിരിക്കും. |

(ഇ) കേരളത്തിന്റെ വ്യവസായ വികസനത്തിന് പ്രസ്തുത സ്ഥാപനം എത്ര മാത്രം പ്രയോജനപ്പെടുമെന്ന് വിശദമാക്കുമോ ?

(ഇ) കേരളത്തിൽ വ്യവസായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതും ഇൻഫ്രാസ്ട്രക്ചർ ഒരുക്കുന്നതിനുമായുള്ള പ്രോജക്ടുകളിൽ നിക്ഷേപം നടത്തുക വഴി പ്രസ്തുത സ്ഥാപനം കേരളത്തിന്റെ വ്യവസായ വികസനത്തിന് വളരെയധികം പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 249 22.02.2011- ൽ മറുപടിനൽകേണ്ടത്.

**'റവന്യൂ വകുപ്പിന്റെ പ്രവർത്തനം ശക്തമാക്കാൻ സ്വീകരിച്ച നടപടികൾ'**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.രാഘവൻ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ.പി.ടി.എ.റഹിം | ശ്രീ. കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) റവന്യൂ വകുപ്പിന്റെ പ്രവർത്തനം ശക്തവും സുതാര്യവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) വില്ലേജ് തലത്തിൽ ജനകീയസമിതികൾ രൂപീകരിച്ചു. ജനങ്ങൾക്ക് പ്രയോജനകരമാകുന്നവിധത്തിൽ വിവിധതരം സർട്ടിഫിക്കറ്റുകൾ ദീർഘകാല പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ആഫീസുകളിൽ ഇൻഫർമേഷൻ കൗണ്ടർ തുറക്കുകയും ഭൂരിപക്ഷം കളക്ട്രേറ്റുകളിൽ കമ്പ്യൂട്ടർ ഉപയോഗിച്ച് വേഗതയോടെ ഫയലുകൾ കൈകാര്യം ചെയ്യുന്ന സംവിധാനമായ ഡി.സി.സ്യൂട്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കളക്ട്രേറ്റുകളിൽ ഡി.സി. സ്യൂട്ട് നടപ്പിൽ വരുത്തുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, പാലക്കാട് ജില്ലകളിൽ ഇ-ഡിസ്ട്രിക്ട് എന്ന പേരിൽ പുതിയ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വില്ലേജുകളിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ അടുത്തുള്ള അക്ഷയകേന്ദ്രങ്ങളിൽ നിന്നും ഈ പദ്ധതിയിലൂടെ എളുപ്പത്തിൽ ജനങ്ങൾക്ക് ലഭ്യമാകും. സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനും അഴിമതി തടയാനും ഇതു സഹായിക്കും. താലൂക്ക്തല വികസന സമിതികൾ രൂപീകരിച്ച് പ്രവൃത്തിപഥത്തിലെത്തിച്ചിട്ടുണ്ട്. താലൂക്ക് തലത്തിൽ റവന്യൂ അദാലത്തുകൾ സംഘടിപ്പിച്ചു. വകുപ്പിലെ അഴിമതി തടയാനായി മൂന്ന് മേഖലാ വിജിലൻസ് വിഭാഗങ്ങൾ രൂപീകരിച്ചു. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ താലൂക്കുകൾതോറും ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചു. കളക്ട്രേറ്റുകളിൽ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. റവന്യൂ-സർവ്വേ ജീവനക്കാർക്ക് പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ചു. ടോൾ ഫ്രീ കാൾ സെന്റർ ലാന്റ് റവന്യൂ കമ്മീഷണർ ഓഫീസിൽ സ്ഥാപിച്ചു. റവന്യൂ വകുപ്പിലെ സർവ്വേ വിഭാഗവും ഭൂരേഖാ പരിപാലനവും ശക്തിപ്പെടുത്തി ഭൂമി സംബന്ധിച്ച തർക്കങ്ങൾ തീർപ്പാക്കാൻ, |

താലൂക്കാഫീസുകളിലേക്ക് കൂടുതൽ സർവ്വേയർമാരെ മാറ്റി നിയമിച്ചു. കെ.എൽ.സി. ആക്റ്റിൽ (കേരള സ്റ്റേറ്റ് ലാന്റ് കൺസർവൻസി ആക്ട്) ശിക്ഷാ നടപടികൾ ചേർത്തുകൊണ്ട് നിയമ ഭേദഗതി നടപ്പിലാക്കി. നെൽവയലുകൾ നികത്തുന്നത് തടയുന്നതിനുള്ള പുതിയ നിയമനിർമ്മാണം നടത്തി. ദുരിതനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ച് പ്രവർത്തന ങ്ങൾ ആരംഭിച്ചു. ജില്ലാതലദുരന്ത നിവാരണ അതോറിറ്റികൾ രൂപീകരിച്ചു. പ്രകൃതിക്ഷോഭ ദുരിതാശ്വാസ ആനുകൂല്യങ്ങൾ നൽകുന്നതിൽ ഉദാരമായ സമീപനം കൈകൊണ്ടു. ഇത്തരം ആനുകൂല്യങ്ങൾ നൽകുന്നതിൽ ഉണ്ടായിരുന്ന കാലതാമസം ഒഴിവാക്കി. പ്രകൃതിക്ഷോഭം മൂലമുള്ള കാർഷിക നഷ്ടങ്ങൾക്ക് ഉടൻ ആശ്വാസം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കൂടാതെ ലാന്റ് ബോർഡ് കാര്യാലയത്തിൽ അസിസ്റ്റന്റ് സെക്രട്ടറിക്ക് പരാതി കൈകാര്യം ചെയ്യാനുള്ള ഓഫീസറുടെ ചുമതല നൽകി.

(ബി) വില്ലേജ് ആഫീസുകളുടെ പ്രവർത്തന ങ്ങൾ ജനകീയമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) വില്ലേജ് തലത്തിൽ ജനകീയസമിതികൾ രൂപീകരിച്ചു. ജനങ്ങൾക്ക് പ്രയോജനകരമാ കുന്നവിധത്തിൽ വിവിധതരം സർട്ടിഫിക്കറ്റുകൾ ദീർഘകാല പ്രാബല്യം നൽകി ഉത്തരവ് പുറപ്പെ ടുവിച്ചു. ഭൂസംരക്ഷണ-ഉപഭോഗ പ്രവർത്തന ങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്ന തിനും ഇക്കാര്യത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും പൊതുജന ങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ആഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതി ലേയ്ക്കുമായി വില്ലേജ്തലത്തിൽ ജന പ്രതിനിധികൾ അടങ്ങുന്ന ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വില്ലേജ് ആഫീസർ കൺവീനറും വില്ലേജ് പരിധിയിൽ പ്രവർത്തിക്കുന്ന നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ വില്ലേജ് പരിധിയിൽ വരുന്ന ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ/ കോർപ്പറേഷൻ അംഗങ്ങൾ, വില്ലേജ് പരിധിയിൽ വരുന്ന നിയമസഭാംഗത്തിന്റെ പ്രതിനിധി എന്നിവർ ഉൾപ്പെട്ട ഘടനയാണ് ഓരോ വില്ലേജ്തല ജനകീയ

സമിതിക്കുമുള്ളത്. വില്ലേജ് തല ജനകീയ സമിതികൾ രൂപീകരിക്കുന്നതിനുള്ള അധികാരവും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമുള്ള ചുമതലയും ബന്ധപ്പെട്ട തഹസീൽദാർമാരിൽ നിക്ഷിപ്തമാണ്. ഈ സമിതികൾ എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച യോഗം ചേരുന്നതും അന്നേദിവസം പൊതുഅവധിയായാൽ തൊട്ടടുത്ത പ്രവൃത്തിദിവസം കൂടുന്നതുമാണ്.

(സി) താലൂക്ക് തലത്തിൽ റവന്യൂ അദാലത്തുകൾ നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) താലൂക്ക്തല റവന്യൂ അദാലത്തുകൾ നടത്തിയിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ റവന്യൂ അദാലത്തുകൾ എല്ലാ താലൂക്കുകളിലും നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഉദ്യോഗസ്ഥതല അഴിമതി തടയുന്നതിനായി രൂപീകരിച്ച വിജിലൻസ് സെല്ലിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുമോ?

(ഡി) റവന്യൂ വകുപ്പിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അഴിമതി തടയുന്നതിനുമായി റവന്യൂ വിജിലൻസ് വിഭാഗം പ്രവർത്തി ക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്നു മേഖലാ ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിജിലൻസ് വിഭാഗം ഇതിനകം നിരവധി ക്രമക്കേടുകൾ കണ്ടുപിടിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
**പതിനേഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 250** **22/02/2011-ൽ മറുപടിക്ക്**

**വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. മുരളി:<br>" എ.പി. അനിൽകുമാർ:<br>" പി. സി. വിഷ്ണുനാഥ്:<br>" ഡൊമിനിക് പ്രസന്റേഷൻ: | | ശ്രീ. എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ; | എ) | വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്താൻ `ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം' (Quality Education Pupil Right) എന്ന പൊതു അജണ്ടയ്ക്കു കീഴിൽ പാഠപുസ്തക പരിഷ്കരണം, മൂല്യ നിർണയ പരിഷ്കാരം, അദ്ധ്യാപക പരിശീലനം, സർവ്വശിക്ഷാ അഭിയാന്റെ കീഴിൽ ഗലീലിയോ ലിറ്റിൽ സയന്റിസ്റ്റ്, ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തൽ, തെളിമ, മണ്ണെഴുത്ത് എന്നീ പരിപാടികൾ, എഴുത്തുകൂട്ടം, വായനക്കൂട്ടം എന്നിങ്ങനെയുള്ള പദ്ധതികൾ, QIP യുടെ നേതൃത്വത്തിൽ D+ ഇല്ലാത്ത സ്കൂൾ എന്ന പദ്ധതി എന്നിവ നടപ്പാക്കിയിട്ടുണ്ട്.<br>ഇതു കൂടാതെ എസ്.എസ്.എ. താഴെപ്പറയുന്ന പരിപാടികളും നടപ്പാക്കി വരുന്നു.<br>• ഐ.സി.ടി അധിഷ്ഠിത അധ്യാപക പരിശീലനം.<br>• ഇംഗ്ലീഷ് ഭാഷാപഠനത്തിനുള്ള പ്രത്യേക പാക്കേജുകൾ.<br>• നിരന്തരവിലയിരുത്തൽ പ്രക്രിയ<br>• പെൺകുട്ടികളുടെ വിദ്യാഭ്യാസ ശാക്തീകരണം.<br>• പഠനവീട്<br>• മൈനോരിറ്റി, പട്ടികജാതി/പട്ടിക വർഗവിഭാഗത്തിൽപ്പെട്ട പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം.<br>• എം.ജി.എൽ.സി കുട്ടികൾക്ക് ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മെച്ചപ്പെട്ട പഠനാനുഭവം നൽകൽ. |

→

- പഠനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക പരിപാടികൾ

കൂടാതെ, സംസ്ഥാനത്തെ സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി യിട്ടുണ്ട്. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അദ്ധ്യാപകർക്കും അവധിക്കാലത്ത് പരിശീലനം നൽകിവരുന്നുണ്ട്. പ്രസ്തുത പരിശീലനം പ്രധാനമായും പാഠപുസ്തകങ്ങളെ, പ്രത്യേകിച്ച് മാറിയ പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കിയാണ് നൽകി വരുന്നത്. ഇതിന് പുറമെ കൃത്യമായ ഇടവേളകളിൽ ശനിയാഴ്ച ദിവസങ്ങളിൽ തുടർപരിശീലനവും (ക്ലസ്റ്റർ) നൽകിവരുന്നുണ്ട്. ഏറ്റവും പിന്നോക്കം നിന്നിരുന്ന തിരഞ്ഞെടുക്കപ്പെട്ട 107 സ്കൂളുകളിൽ തീവ്രകർമ്മപരിപാടി (QEPR) നടപ്പിലാക്കി. തൽസ്ഥല അദ്ധ്യാപക സഹായം (OSS) കൊടുക്കുന്നത് സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക ഒഴിവുകൾ പരമാവധി നികത്തി. പിന്നോക്കമുള്ള തെരെഞ്ഞെടുത്ത സ്കൂളുകളിൽ ,ചങ്ങാതി, ഒരുക്കം തുടങ്ങിയ പ്രത്യേക പഠന സഹായികൾ വിതരണം ചെയ്തു. ഇതുപോലുള്ള പഠന സഹായികൾ മറ്റ് സ്കൂളുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നൽകി.

ബി) ഇതിനായി മറ്റ് സംസ്ഥാനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഏതെങ്കിലും ദേശീയതല ഏജൻസി പഠനം നടത്തിയിരുന്നുവോ;

ബി) നടത്തിയിരുന്നു.

സി) ഇത്തരം പഠനത്തിലൂടെ സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരത്തെക്കുറിച്ച് എന്തൊക്കെ നിരീക്ഷണങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

സി) ഈ പഠനങ്ങൾ പ്രധാനമായും മാതൃഭാഷാ പഠനനിലവാരം, ഗണിത ശേഷി ഇവ മുൻ നിർത്തിയാണ് നടന്നത്. ഇതിൽ കേരളത്തിലെ കുട്ടികൾ മുന്നിലാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

പാഠ്യപദ്ധതി മാറ്റവും, പുതിയ പാഠപുസ്തകങ്ങളും പഠന പ്രക്രിയയിൽ

→

കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഭാഷാ പ്രാവീണ്യം, സർഗ്ഗാത്മക രചന, ഭാഷാപ്രയോഗം എന്നിവയിൽ കുട്ടികൾ മികവു പുലർത്തുന്നു. ഗണിതത്തിൽ ഗണിതക്രിയകൾ, പ്രോബ്ലം സോൾവിംഗ് എന്നിവയിൽ കേരളത്തിലെ കുട്ടികൾ മുന്നിലാണ്. ലോജിക്കൽ റീസണിംഗ് എന്ന മേഖലയിൽ കുറെക്കൂടി മുന്നോട്ട് വരാനുണ്ട്.

| | | | |
|---|---|---|---|
| ഡി) | ഇത്തരം നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ പ്രസ്തുത രംഗത്ത് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ? | ഡി) | പഠനഫലങ്ങളും, സർവ്വേ റിപ്പോർട്ടുകളും വിശദമായി ചർച്ച ചെയ്യുന്നതിന് എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ കരിക്കുലം കമ്മിറ്റി അംഗങ്ങളെ കൂടി ഉൾപ്പെടുത്തി ഒരു ശില്പശാല നടത്തി. അന്ന് എത്തിച്ചേർന്ന പൊതുധാരണകൾക്കനുസൃതമായി ശാസ്ത്രം, ഗണിതം, ഭാഷാപഠനം ഇവയിൽ സവിശേഷമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഗണിതപഠനം സംബന്ധിച്ച് കരടു നിർദ്ദേശങ്ങൾ രൂപപ്പെടുത്തിവരുന്നു.<br>യു.പി. തലത്തിൽ ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലും ഗണിതം, സാമൂഹ്യശാസ്ത്രം, സയൻസ് വിഷയങ്ങളിലും പിന്നാക്കം നില്ക്കുന്ന കുട്ടികളുടെ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികളും, എൽ.പി. തലത്തിൽ ഗണിതം, ഇംഗ്ലീഷ്, മലയാളം എന്നിവയിൽ പിന്നാക്കം നില്ക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക പരിപാടികളും നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ: *251 | 22-02-2011-ൽ<br>മറുപടിക്ക് |

## കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.സദാശിവൻ:<br>'' വി.ശിവൻകുട്ടി:<br>'' ആനത്തലവട്ടം ആനന്ദൻ:<br>'' പി.ജയരാജൻ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കൺസോർഷ്യം ബാങ്കുകൾക്ക് കൊടുത്തു തീർക്കുവാനുണ്ടായിരുന്ന 307.03 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 57.85 കോടി രൂപ നൽകി തീർപ്പാക്കി. കെൽട്രോണിൽ 'സ്വയം വിരമിക്കൽ പദ്ധതി' നടപ്പാക്കാനായി KIRF Board-ൽ നിന്നും വായ്പയെടുത്ത തുകയുടെ പലിശയായ 8.70 കോടി രൂപ സർക്കാർ ഉപേക്ഷിക്കുകയും വായ്പയെടുത്ത തുകയിൽ 5 കോടി രൂപ KIRF Board-ൽ തിരിച്ചടക്കുകയും ചെയ്തു. സർക്കാർ ലോണിന്റെ പലിശ 5 വർഷത്തേയ്ക്ക് മരവിപ്പിച്ചു. 11.8 കോടി രൂപ Share Pending allotment ആക്കി മാറ്റി. കെൽട്രോണിന്റെ കണ്ണൂരിലുള്ള നാല് യൂണിറ്റുകൾ ലയിപ്പിച്ച് ഒന്നാക്കി. കെൽട്രോണിനെ 5 വർഷത്തിനുള്ളിൽ 1000 കോടി രൂപ വിറ്റുവരവുള്ള ഒരു സ്ഥാപനമാക്കി മാറ്റുന്നതിന് ഒരു 'വിഷൻ പ്ലാൻ' തയ്യാറാക്കാൻ ഒരു കൺസൾട്ടൻസിയെ ചുമതലപ്പെടുത്തി. വർഷങ്ങളായി നടപ്പാക്കാതിരുന്ന വേതനപരിഷ്ക്കരണം നടപ്പിലാക്കി. |

| | |
|---|---|
| (ബി) കമ്പനിയുടെ വികസന-വിപുലീകരണ-വൈവിധ്യവൽക്കരണ പദ്ധതികൾ നടപ്പാക്കുന്നതിനായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ; | (ബി) കണ്ണൂരിലുള്ള കെൽട്രോണിന്റെ സബ്സിഡിയറി കമ്പനിക്ക് വികസന-വിപുലീകരണ പ്രവർത്തനങ്ങൾക്കായി 3.43 കോടി രൂപ 2006-07 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു. കുറ്റിപ്പുറത്തുള്ള കെൽട്രോണിന്റെ സബ്സിഡിയറി കമ്പനിക്ക് 2006-07 സാമ്പത്തിക വർഷത്തിൽ 57 ലക്ഷം രൂപയും, 2009-10-ൽ 47 ലക്ഷം രൂപയും വികസന-വിപുലീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. |
| (സി) പുതുതായി എന്തെല്ലാം നവീകരണ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | (സി) കെൽട്രോണിന്റെ നവീകരണത്തിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്:-<br>1. ഇന്ത്യൻ നേവിക്ക് ആവശ്യമായ സോണാർ സിസ്റ്റംസ് നിർമ്മിക്കുന്നതിനായി NPOL-മായി ഉടമ്പടി ഒപ്പുവയ്ക്കുകയും ഇതിനായുള്ള അടിസ്ഥാന സൗകര്യം അരൂരിലെ കെൽട്രോൺ കൺട്രോൾസിൽ നടപ്പാക്കി വരുന്നു.<br>2. ആധുനിക സാങ്കേതിക വിദ്യയുടെ മുഖ്യഘടകമായ SMT സംവിധാനം കെൽട്രോൺ മൂടാടിയിൽ സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചു.<br>3. കെൽട്രോൺ ISRO-യുമായി ചേർന്ന് ഒരു 'Aero Space Division' കരകുളത്ത് തുടങ്ങുവാനുദ്ദേശിച്ചിട്ടുണ്ട്.<br>4. 12 കോടി രൂപ മുതൽ മുടക്കിൽ ഒരു 'ടൂൾ റൂം സെന്റർ' കുറ്റിപ്പുറത്ത് കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡിനു സമീപം കെൽട്രോണിന്റെ ഉടമസ്ഥതയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. |
| (ഡി) നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന യൂണിറ്റുകൾ ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഡി) കണ്ണൂരിലെ കെൽട്രോൺ സബ്സിഡിയറി യൂണിറ്റുകളായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, കെൽട്രോൺ റെസിസ്റ്റേഴ്സ് ലിമിറ്റഡ്, കെൽട്രോൺ ക്രിസ്റ്റൽസ് ലിമിറ്റഡ്, കെൽട്രോൺ മാഗ്നെറ്റിക്സ് ലിമിറ്റഡ് എന്നീ കമ്പനികളെ ലയിപ്പിച്ച് കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് എന്ന ഒറ്റക്കമ്പനിയാക്കി മാറ്റികൊണ്ട് കണ്ണൂരിലെയും |

കുറ്റിപ്പുറത്തുമുള്ള സബ്സിഡിയറി കമ്പനികളെ ലാഭത്തിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഇതിന്റെ ഭാഗമായി Transducers നിർമ്മാണ മേഖലയിലേക്ക് കുറ്റിപ്പുറത്തുള്ള യൂണിറ്റ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്. NPOL, BEL എന്നീ കമ്പനികളുടെ ഓർഡറുകൾ ഈ യൂണിറ്റിന് ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ഇ) കെൽട്രോണിന് കൂടുതൽ ഓർഡറുകൾ നേടിയെടുക്കുന്നതിന് കഴിയുന്നുണ്ടോ എന്ന് വിശദമാക്കുമോ; | (ഇ) കെൽട്രോണിന് പുതിയ ഓർഡറുകൾ നേടിയെടുക്കാൻ കഴിയുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ 93 കോടി രൂപയുടെ അധിക pending order നിലവിലുണ്ട്. |
| (എഫ്) കമ്പനിയുടെ ഇപ്പോഴത്തെ വിറ്റുവരവ് എത്രയാണ് എന്ന് വ്യക്തമാക്കുമോ? | (എഫ്) 2009-10 സാമ്പത്തികവർഷത്തിൽ കെൽട്രോൺ 225.92 കോടി രൂപയുടെ വിറ്റുവരവ് നേടി. നടപ്പു സാമ്പത്തിക വർഷത്തിൽ 270 കോടി രൂപയുടെ വിറ്റുവരവാണ് കെൽട്രോൺ പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ.252

22.2.2011ൽ മറുപടിക്ക്

## വ്യാജപട്ടയങ്ങളും കള്ള ആധാരങ്ങളും കണ്ടെത്താൻ സ്വീകരിച്ചിട്ടുള്ള നടപടി

ചോദ്യം

ശ്രീ.എം.ജെ.ജേക്കബ് :
ശ്രീ.കെ.വി.അബ്ദുൾ ഖാദർ :
ശ്രീ.കെ.വി.കുഞ്ഞിരാമൻ:
ശ്രീ.ടി..പി.കുഞ്ഞുണ്ണി:

ഉത്തരം

ശ്രീ.കെ.പി.രാജേന്ദ്രൻ
(റവന്യൂ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തൊട്ടാകെയുള്ള വ്യാജ പട്ടയങ്ങളും കള്ള ആധാരങ്ങളും കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തൊട്ടാകെയുള്ള വ്യാജ പട്ടയങ്ങളും കള്ള ആധാരങ്ങളും കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു. |

| ജില്ല | സ്വീകരിച്ച നടപടികൾ |
|---|---|
| തിരുവനന്തപുരം | ഇത്തരത്തിലുള്ള കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| കൊല്ലം | ഇൻസ്പെക്ഷൻ സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ റവന്യൂ വിജിലൻസ് ആന്റ് ഇൻസ്പെക്ഷൻ വിഭാഗം രൂപീകരിച്ചിട്ടുള്ളതും ഇത്തരം കേസ്സുകൾ അന്വേഷിച്ചുവരുന്നതുമാണ്. |
| ആലപ്പുഴ | വ്യാജപട്ടയങ്ങൾ സംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ലാ-ത്തതിനാൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |
| പത്തനംതിട്ട | വ്യാജപട്ടയങ്ങളും കള്ള ആധാരങ്ങളും ശ്രദ്ധയിൽപ്പെടുന്ന ഉടൻ തന്നെ അന്വേഷണം നടത്തി ഇതിന്റെ ഉത്ഭവസ്ഥാനം ക്ണ്ടെത്തി നടപടി എടുക്കാൻ പോലീസ് അധികാരികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| കോട്ടയം | താലൂക്ക് തലത്തിൽ ഇത്തരം വ്യാജപട്ടയങ്ങൾ കണ്ടെത്തുന്നതി-നായി പ്രത്യേക ടീമിനെ നിയമിച്ചിട്ടുണ്ട്. ആധാരങ്ങൾ / പട്ടയങ്ങൾ ഇവ പോക്കുവരവിനായി ലഭിക്കുമ്പോൾ പട്ടയ ഫയൽ നോക്കി നിജസ്ഥിതി ഉറപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | എറണാകുളം | ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസർമാർക്കും തഹസീൽദാർ-മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | | | ഇടുക്കി | മൂന്നാർ മേഖലയിലെ അനധികൃത നിർമ്മാണങ്ങളും വ്യാജപട്ടയങ്ങളും കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും പ്രത്യേക ദൗത്യ സംഘം രൂപീകരിക്കുകയും കൂടാതെ ഉടുമ്പൻചോല താലൂക്കിൽ ഡപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിലും മറ്റ് താലൂക്കുകളിൽ തഹസീൽദാർമാരുടെ നേതൃത്വ-ത്തിലും ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു. |
| | | | തൃശ്ശൂർ | ബന്ധപ്പെട്ട രജിസ്ട്രാർമാർക്കും തഹസീൽദാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | | | പാലക്കാട് | ഇത്തരം പരാതികൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചു വരുന്നതാണ്. |
| | | | മലപ്പുറം | പരാതികൾ കിട്ടുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ തഹസീൽദാർമാർക്കും ജില്ലാ രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകി വരുന്നുണ്ട്. |
| | | | കോഴിക്കോട് | വ്യാജപട്ടയങ്ങളും കള്ള ആധാരങ്ങളും ശ്രദ്ധയിൽപ്പെടു-മ്പോൾ തുടർ നടപടികൾ റവന്യൂ വിജിലൻസ് വിഭാഗത്തെക്കൊണ്ട് അന്വേഷണം നടത്തി തക്കതായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| | | | വയനാട് | പരാതികൾ കിട്ടുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാൻ എല്ലാ തഹസീൽദാർമാർക്കും ജില്ലാ രജിസ്ട്രാർക്കും നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. |
| | | | കണ്ണൂർ | വ്യാജ പട്ടയങ്ങളും കള്ള ആധാരങ്ങളും കണ്ടെത്തുന്ന-തിനുള്ള സംവിധാനങ്ങൾ നിലവിലില്ല. എന്നാൽ ഇത്തരം കേസ്സുകൾ ഉണ്ടാകാതിരിക്കുവാൻ ആധാരം രജിസ്റ്റർ ചെയ്യുന്ന സമയത്ത് വ്യക്തികളുടെ ഐഡന്റിറ്റി കാർഡ് |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td></td><td>ഐഡന്റിറ്റി കാർഡ് പരിശോധിക്കുകയും വിരൽ അടയാളം പ്രമാണത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു.</td></tr>
<tr><td>കാസർഗോഡ്</td><td>വ്യാജപട്ടയം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>സർക്കാർ ഭൂമി കയ്യേറ്റങ്ങൾ, ചട്ടവിരുദ്ധ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ ;</td>
<td>(ബി)</td>
<td>ഉണ്ട്.</td>
</tr>
<tr>
<td>(സി)</td>
<td>ടാസ്ക് ഫോഴ്സിന്റെ ഘടന വ്യക്തമാക്കുമോ ; ടാസ്ക് ഫോഴ്സിന്റെ പ്രവർത്തന-ഫലമായി എത്ര ഏക്കർ സർക്കാർ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട് ; ഇതിൽ എത്ര ഏക്കർ ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ ;</td>
<td>(സി)</td>
<td>ഡെപ്യൂട്ടി കളക്ടർ, തഹസീൽദാർ എന്നിവരുടെ നേതൃത്വത്തിൽ ആണ് ടാസ്ക് ഫോഴ്സുകൾ നിലവിലുള്ളത്.
<table>
<tr><th>ജില്ല</th><th>കയ്യേറിയ സർക്കാർ ഭൂമി</th><th>ഏറ്റെടുത്തിട്ടുള്ള സർക്കാർ ഭൂമി</th></tr>
<tr><td>തിരുവനന്തപുരം</td><td>95.23.65 ഹെക്ടർ</td><td>27.86.82 ഹെക്ടർ</td></tr>
<tr><td>കൊല്ലം</td><td>15.45.58 ഹെക്ടർ</td><td>15.45.58 ഹെക്ടർ</td></tr>
<tr><td>ആലപ്പുഴ</td><td>23.01.91 ഹെക്ടർ</td><td>03.81025 ഹെക്ടർ</td></tr>
<tr><td>കോട്ടയം</td><td>16.41.52 ഹെക്ടർ</td><td>15.44.68 ഹെക്ടര</td></tr>
<tr><td>എറണാകുളം</td><td>16.71.119 ഏക്കർ</td><td>16.71.119 ഏക്കർ</td></tr>
<tr><td>ഇടുക്കി</td><td>4997.6047 ഹെക്ടർ</td><td>4997.6047 ഹെക്ടർ</td></tr>
<tr><td>പത്തനംതിട്ട</td><td>11076.47.60 ഹെക്ടർ</td><td>4.67.55 ച.കി.മി.</td></tr>
<tr><td>തൃശ്ശൂർ</td><td>4965.01.84 ഹെക്ടർ</td><td>21.39.86 ഹെക്ടർ</td></tr>
<tr><td>പാലക്കാട്</td><td>976.46.84 ഹെക്ടർ</td><td>14.825 ഹെക്ടർ</td></tr>
<tr><td>മലപ്പുറം</td><td>1013.35.66 ഹെക്ടർ</td><td>25.2361ഹെക്ടർ</td></tr>
<tr><td>കോഴിക്കോട്</td><td>211.11.91 ഹെക്ടർ</td><td>16.5611 ഹെക്ടർ</td></tr>
<tr><td>വയനാട്</td><td>1794.12.74 ഹെക്ടർ</td><td>24.17.66 ഹെക്ടർ (31.5.2010 വരെയുള്ളത്)</td></tr>
<tr><td>കണ്ണൂർ</td><td>4.52 ഏക്കർ</td><td>72 സെന്റ്</td></tr>
<tr><td>കാസർഗോഡ്</td><td>ബാധകമല്ല</td><td>ബാധകമല്ല.</td></tr>
</table>
</td>
</tr>
</table>

| | | | |
|---|---|---|---|
| (ഡി) | കയ്യേറ്റവുമായി ബന്ധപ്പെട്ട് ഈ സർക്കാർ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്ന് വെളിപ്പെടുത്തുമോ ? | (ഡി) | കയ്യേറ്റവുമായി ബന്ധപ്പെട്ട് രജിസ്സർ ചെയ്ത കേസുകൾ ചുവടെ ചേർക്കുന്നു. |

| ജില്ല | രജിസ്സർ ചെയ്ത കേസ്സുകൾ |
|---|---|
| തിരുവനന്തപുരം | 966 |
| കൊല്ലം | 1531 |
| ആലപ്പുഴ | 881 |
| കോട്ടയം | 780 |
| എറണാകുളം | 332 |
| ഇടുക്കി | 89 |
| പത്തനംതിട്ട | 279 |
| തൃശ്ശൂർ | 1368 |
| പാലക്കാട് | 89 |
| മലപ്പുറം | 604 |
| കോഴിക്കോട് | 417 |
| വയനാട് | 89 |
| കണ്ണൂർ | 113 |
| കാസർഗോഡ് | 164 |

Rajeena

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം: 253

22/02/2011-ൽ മറുപടി
നല്കേണ്ടത്

## ലാന്റ് ബാങ്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജെ. അരുന്ധതി:<br>ശ്രീ. കെ.കെ.ജയചന്ദ്രൻ:<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ. എം.എം.മോനായി: | ശ്രീ.കെ.പി.രാജേന്ദ്രൻ)<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ലാന്റ് ബാങ്ക് രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) സർക്കാരിന്റെ കൈവശത്തിലുള്ള പുറമ്പോക്ക് ഭൂമികൾ അതായത് കായൽ പുറമ്പോക്ക്, മിച്ചഭൂമി, പതിവ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമികൾ, ബോട്ട് ഇൻ ലാന്റ്, അന്യം നില്പ് ഭൂമികൾ എന്നിവയുടെ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിച്ച് അവ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് കേരളാ സ്റ്റേറ്റ് ലാന്റ് ബാങ്ക് രൂപീകരിച്ചിട്ടുള്ളത്. |
| (ബി) സർക്കാർ ഭൂമിയെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലാന്റ് ബാങ്കിൽ ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) സർക്കാർ ഭൂമിയെ സംബന്ധിച്ച് 14 ജില്ലാ കളക്ടറേറ്റുകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളുടെ വിവരം ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവരെ 25793 കേസുകളിലായി 70,988.7592 ഹെക്ടർ ഭൂമിയുടെ വിവരം ലാന്റ് ബാങ്കിന്റെ ഡേറ്റാ സെന്റർ വഴി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റ് മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; | (സി) ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ഭൂമിയുടെ വിവരങ്ങൾ www.kslbkerala.gov.in എന്ന വെബ് സൈറ്റ് മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) എല്ലാ വില്ലേജ് ആഫീസുകളിലും പുറമ്പോക്ക് രജിസ്റ്റർ, തരിശ് രജിസ്റ്റർ, മിച്ചഭൂമി രജിസ്റ്റർ എന്നിവ കാലാകാലങ്ങളിലുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കുന്നുണ്ടോ; | (ഡി) നിയമപ്രകാരം എല്ലാ വില്ലേജുകളിലും പുറമ്പോക്ക് രജിസ്റ്റർ, തരിശ് രജിസ്റ്റർ, മിച്ചഭൂമി രജിസ്റ്റർ എന്നിവ കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി സംരക്ഷിക്കാൻ നിർദ്ദേശമുണ്ട്. |
| (ഇ) ലാന്റ് ബാങ്കിൽ ഇപ്പോൾ ലഭ്യമായിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം വ്യക്തമാക്കുമോ; | (ഇ) ലാന്റ് ബാങ്കിൽ ഇതുവരെ 70988.7592 ഹെക്ടർ സർക്കാർ ഭൂമിയുടെ വിവരം ലഭ്യമാക്കിയിട്ടുണ്ട്. |
| (എഫ്) ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി സംരക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ? | (എഫ്) ലാന്റ് ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുടെ സംരക്ഷണത്തിനായി പബ്ളിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് രൂപീകരിക്കുന്നതിനായി 27 ലക്ഷം രൂപാ സർക്കാർ വകയിരുത്തിയിട്ടുണ്ട്. ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ കൈയേറ്റം ബലമായി ഒഴിപ്പിക്കുക എന്നതാണ് പബ്ളിക് ലാന്റ് |

പ്രൊട്ടക്ഷൻ ഫോഴ്സിന്റെ പ്രാഥമിക ചുമതല.
പബ്ളിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് അംഗങ്ങളെ ഹോംഗാർഡ് സേനയിൽ നിന്നും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
ഓരോ വില്ലേജിലെയും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഓരോ തുണ്ട് ഭൂമിയുടെയും സമീപത്തുള്ള വീടുകളിൽ ബീറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അതാത് വില്ലേജാഫീസറും പബ്ളിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് അംഗങ്ങളും മാസത്തിലൊരിക്കൽ ബീറ്റ് രജിസ്റ്ററിൽ ഒപ്പുവയ്ക്കേണ്ടതാണ്.
ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ള 50 സെന്റിന് മുകളിലുള്ള സർക്കാർ ഭൂമി നിശ്ചിത ആകൃതിയിലുള്ള ജൻഡകൾ സ്ഥാപിക്കുന്നതിനായി 86,43,447/- രൂപാ പി.ഡബ്ള്യൂ.ഡി.ക്ക് നല്കി ജൻഡയൊന്നിന് 2440 രൂപാ പ്രകാരം തിരുവനന്തപുരം ജില്ലയിൽ (2000) എണ്ണം ആലപ്പുഴ (680) ഇടുക്കി(862) നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
50 സെന്റിന് താഴെയുള്ള പ്രദേശത്തിന്റെ അതിർത്തികൾ വേലികെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 254

22.02.2011-ൽ മറുപടിക്ക്.

### കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.കെ. ലതിക :<br>**ശ്രീ. ആനത്തലവട്ടം ആനന്ദൻ :**<br>ശ്രീ. സി.എം. ദിനേശ് മണി :<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ വ്യവസായ മേഖലയുടെ വളർച്ചയ്ക്കും വികസനത്തിനും വേണ്ടി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ; | (എ) ഉത്തരം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. |
| (ബി) കോർപ്പറേഷൻ കഴിഞ്ഞ വർഷം ഏതെല്ലാം പദ്ധതികൾ **പൂർത്തിയാക്കി** എന്ന് വെളിപ്പെടുത്തുമോ ; | (ബി) കെ.എസ്.ഐ.ഡി.സി-യുടെ സഹായത്തോടെ 2009-2010 വർഷത്തിൽ താഴെപ്പറയുന്ന 13 പദ്ധതികൾ പൂർത്തിയാക്കി.<br>1) അബാദ് സ്പെഷ്യാലിറ്റി ഹോട്ടൽസ്, ആലപ്പുഴ.<br>2) ആക്സിലറേറ്റഡ് ഫ്രീസ് ഡ്രയിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, ആലപ്പുഴ.<br>3) കൽക്കി കമ്മ്യൂണിക്കേഷൻസ് ടെക് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം.<br>4) കല്ലിയത്ത് ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം.<br>5) ഹിൽവാലി റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഇടുക്കി.<br>6) ഫിലാറ്റക്സ് വെച്ചുകുന്നേൽ പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട്.<br>7) കേരള സ്പോഞ്ച് അയൺ ലിമിറ്റഡ്, പാലക്കാട്.<br>8) ഗ്ലാസ് & ഗ്ലേസിംഗ് സിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.<br>9) അസിസ്റ്റ് ഗ്ലോബൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, വയനാട്. |

10) ഭാരത് ഹോട്ടൽസ് ലിമിറ്റഡ്, കാസറഗോഡ്.
11) കൊച്ചിൻ കാഗസ്, എറണാകുളം.
12) മനോരമ ഓക്സിജൻ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം.
13) കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം.

കൂടാതെ 2010-2011-ൽ താഴെപ്പറയുന്ന അഞ്ച് പദ്ധതികൾകൂടി പൂർത്തിയാക്കിയിട്ടുണ്ട്.

1) കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, എറണാകുളം.
2) അനന്തപുരി ഹോസ്പിറ്റൽസ് ലിമിറ്റഡ്, തിരുവനന്തപുരം.
3) ദേവരാഗം റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ.
4) കൃഷ്ണ ഗാർഡൻസ് റീജൻസി പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട്.
5) സിംഫണി റ്റി.വി, തിരുവനന്തപുരം.

(സി) കെ.എസ്.ഐ.ഡി.സി പുതുതായി ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത് ;

(സി) കെ.എസ്.ഐ.ഡി.സി ബോർഡ് നിക്ഷേപ തീരുമാനമെടുത്തും നിർമ്മാണ ഘട്ടത്തിലിരിക്കുന്നതുമായ 40 പദ്ധതികളുണ്ട്. കൂടാതെ 69,465 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന 15 ബൃഹത് പദ്ധതികളും കെ.എസ്.ഐ.ഡി.സി ഏറ്റെടുത്തിട്ടുണ്ട്. വിശദാംശം അനുബന്ധം-2, 3 ആയി ചേർത്തിട്ടുണ്ട്.

(ഡി) ലൈഫ് സയൻസ് പാർക്കിനു--വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ഡി) ലൈഫ് സയൻസ് പാർക്കിനുവേണ്ടി--യുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ അന്തിമ ഘട്ടത്തിലാണ്. പാർക്കിനുവേണ്ടി സ്ഥലം നൽകുവാൻ തയ്യാറായിട്ടുള്ള ഉടമസ്ഥർക്ക് നിശ്ചയിച്ച തുക നൽകി തിരുവനന്തപുരം ജില്ലാ കളക്ടർ സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിച്ചു കഴിഞ്ഞു. ആയതിലേക്കായി കേരള സർക്കാർ അനുവദിച്ച 40 കോടി രൂപയിൽ 20 കോടി രൂപ കെ.എസ്.ഐ.ഡി.സി-ക്ക് നൽകുകയും പ്രസ്തുത തുക ജില്ലാ കളക്ടർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ഇ) വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) കെ.എസ്.ഐ.ഡി.സി-യുടെ ആഭിമുഖ്യത്തി--ലുള്ള ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ മലപ്പുറം കേന്ദ്രം ഇൻകെലി--ന്റെ കൂടി സംയുക്ത സംരംഭമായ ഇൻകിഡ്-ന് കൈമാറിയിരിക്കുകയാണ്. കോഴിക്കോട് വ്യവസായ വളർച്ചാ

കേന്ദ്രത്തിൽ ഒരു ഫുട്ട് വെയർ പാർക്ക്, ഒരു ഫുഡ് പാർക്ക് എന്നിവ സ്ഥാപിക്കുന്നതിന് നടപടികളെടുത്തു. കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിന്റെ വികസനത്തിനായി 372 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കുന്ന--തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴയിലും കോഴിക്കോട്, കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ദ്രുതഗതിയിൽ പൂർത്തിയായിക്കൊണ്ടിരി--ക്കുന്നു.

| | |
|---|---|
| (എഫ്) വ്യവസായ പാർക്കുകളിലേക്കുള്ള റോഡുകളുടെ വികസനത്തിനായി നടപടി സ്വീകരിക്കുമോ ? | (എഫ്) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനേഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 255** **22/02/2011-ൽ മറുപടിക്ക്**

## പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി എസ്.എസ്.എ. നടത്തുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>" കെ. വി. അബ്ദുൾ ഖാദർ:<br>ശ്രീമതി പി. അയിഷാ പോറ്റി :<br>ശ്രീ. വി. ചെന്താമരാക്ഷൻ: | ശ്രീ. എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| എ) കേരളത്തിലെ പൊതു വിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ പ്രവർത്തനം എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) വിദ്യാഭ്യാസ ഗുണനിലവാരമുയർത്തുന്നതിനായി സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി മുഖേന നടപ്പിലാക്കിവരുന്ന വിവിധ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അവ താഴെ വിവരിക്കുന്നു.<br>• ഇംഗ്ലീഷ് പഠനത്തിൽ മുന്നേറ്റമുണ്ടായി.<br>• ശാസ്ത്രാവബോധം വർദ്ധിപ്പിക്കാൻ വഴിയൊരുക്കി.<br>• അടിസ്ഥാനഗണിത, ഭാഷാശേഷികളിൽ കുട്ടികൾ മികച്ച നിലവാരത്തിലെത്തി.<br>• കമ്പ്യൂട്ടർ സഹായത്തോടെയുള്ള പഠനത്തിന് തുടക്കം കുറിച്ചു.<br>വിദ്യാലയങ്ങളിലുണ്ടായ നേട്ടങ്ങൾ പൊതുസമൂഹവുമായി പങ്കുവയ്ക്കുന്നതിനുള്ള 'മികവുത്സവം 2011' ഇപ്പോൾ നടന്നുവരികയാണ്. 2007-08, 2008-09 വർഷങ്ങളിൽ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം പ്രസിദ്ധീകരിച്ച വിദ്യാഭ്യാസവികസന സൂചക പ്രകാരം കേരളം പ്രാഥമിക വിദ്യാഭ്യാസത്തിൽ മുമ്പിലാണ്. |

→

| | | | |
|---|---|---|---|
| ബി) | അദ്ധ്യാപക ശാക്തീകരണത്തിനായി എസ്.എസ്.എ. നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | ബി) | അധ്യാപകശാക്തീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ താഴെപ്പറയുന്നു.<br>i. അവധിക്കാല അധ്യാപകപരിശീലനം<br>ii. ക്ലസ്റ്റർപരിശീലനം<br>iii. വിദഗ്ധസ്ഥാപനങ്ങളുമായി സഹകരിച്ചുള്ള പരിശീലനം<br>iv. വിഭവ സി.ഡി.കളും റിസോഴ്സ് മെറ്റീരിയലുകളും നൽകിയുള്ള ശാക്തീകരണം.<br>v. പരസ്പരം സന്ദർശിച്ചുള്ള അനുഭവം പങ്കിടൽ.<br>vi. ഇന്റർനെറ്റ്, ബ്ലോഗ് എന്നീ സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള അനുഭവകൈമാറ്റം.<br>vii. ക്ലസ്റ്റർ റിസോഴ്സ് സെന്ററുകൾ കേന്ദ്രീകരിച്ചുള്ള ശില്പശാലകൾ. |
| സി) | വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി പ്രയോജനപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | സി) | വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് എസ്.എസ്.എ പദ്ധതി വളരെയധികം പ്രയോജന പ്പെട്ടിട്ടുണ്ട്.<br>2002 മുതൽ 2010 വരെ സംസ്ഥാനത്തെ വിവിധ വിദ്യാലയങ്ങളിൽ 6335 പെൺകുട്ടികളുടെ ടോയ്‌ലറ്റുകളും, 9494 മൂത്രപ്പുരകളും, 6578 അധിക ക്ലാസ്മുറികളും, 8385 കുടിവെള്ള യൂണിറ്റുകളും, 2717 ചുറ്റുമതിലുകളും, 3548 ഇടഭിത്തികളും നിർമ്മിക്കുകയും 5640 സ്കൂളുകളിൽ വൈദ്യുതീകരണം നടത്തുകയും, 49 ഹെഡ്മാസ്റ്റർമാരുടെ മുറികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. |

→

ഡി) വിദ്യാലയങ്ങളിൽ ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ പഠന നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

ഡി) വിശദവിവരം ചുവടെ ചേർക്കുന്നു.

**ശാസ്ത്രപഠനം**

i. അന്താരാഷ്ട്രജ്യോതിശാസ്ത്ര വർഷാചരണത്തിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ.
ii. ശാസ്ത്രലാബ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.
iii. പ്രാദേശികവിഭവങ്ങൾ പ്രയോജനപ്പെടുത്തൽ
iv. ജൈവവൈവിധ്യവർഷാചരണ പ്രവർത്തനങ്ങൾ.
v. ശാസ്ത്രപഠനത്തിൽ നിരന്തര വിലയിരുത്തൽ
vi. ശാസ്ത്രപഠനത്തിൽ നിരന്തര വിലയിരുത്തൽ പ്രായോഗികമാക്കൽ
vii. ശാസ്ത്രാന്വേഷണപ്രോജക്ടുകൾ, അന്വേഷണപ്രശ്നങ്ങൾ ഇവ തയ്യാറാക്കി നൽകൽ
viii. വിഭവ സി.ഡി.കൾ തയ്യാറാക്കി നൽകി.

**ഗണിതപഠനം**

- എൽ.പി.വിഭാഗത്തിൽ ഗണിതകിറ്റുകൾ നൽകി.
- ഗണിതപഠനത്തിനുള്ള വർക്ക്ഷീറ്റുകൾ നൽകി.
- യു.പി. വിഭാഗത്തിൽ ഗണിതലാബുകൾ സജ്ജമാക്കി.
- ഗണിതസെമിനാർ, പ്രോജക്ട് എന്നിവയ്ക്കുള്ള മാർഗനിർദേശങ്ങൾ നൽകി.
- വിദ്യാലയത്തെ ഗണിതവത്കരിക്കാനുള്ള നടപടി സ്വീകരിച്ചു.
- ബാലശില്പികൾ, ശതശില്പികൾ എന്നിങ്ങനെ ഗണിതപഠനം മെച്ചപ്പെടുത്തുന്നതിനുള്ള ഗവേഷണാത്മക പ്രവർത്തനങ്ങൾ ഏറ്റെടുത്തു.

**സാമൂഹ്യ ശാസ്ത്രപഠനം**

- കമ്പ്യൂട്ടർ സഹായത്തോടെ സാമൂഹിക ശാസ്ത്രപഠനം നടത്തുന്നതിന് വിഭവ സി.ഡി.കൾ തയ്യാറാക്കി നൽകി.
- അധ്യാപകർക്ക് റിസോഴ്സ് മെറ്റീരിയലുകൾ തയ്യാറാക്കി നൽകി.
- പ്രാദേശിക വിദഗ്ധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സാമൂഹികശാസ്ത്രപഠനം കാര്യക്ഷമമാക്കുന്നതിനുള്ള രീതികൾ പരിചയപ്പെടുത്തി.
- ചരിത്രാന്വേഷണപഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനു നടപടി സ്വീകരിച്ചു.

→

ഇ) പൊതു വിദ്യാഭ്യാസ മേഖലയിൽ എസ്.എസ്.എ. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഇ) (രൂപ ലക്ഷത്തിൽ)

| വർഷം | ചെലവ് |
|---|---|
| 2007-08 | 13760.40 |
| 2008-09 | 16599.01 |
| 2009-10 | 19299.58 |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 256

22.02.2011-ൽ മറുപടിക്ക്

## സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനത്തിന് പുതിയ ഏജൻസികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.എ.പി.അബ്ദുള്ള കുട്ടി | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനത്തിന് പുതിയ ഏജൻസികളെ ചുമതലപ്പെടുത്തണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;<br>(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) & (ബി)<br><br>സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനത്തിന് പുതിയ ഏജൻസികളെ ചുമതലപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ 2010-2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൻെറ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ പുതിയതായി ആരംഭിക്കുന്ന ഫാക്ടറികളിലേയ്ക്കും വിപുലീകരണ പദ്ധതികളിലേയ്ക്കും ആവശ്യമായിവരുന്ന വിവിധ തസ്തികകളിലായി 1919 നിയമനങ്ങൾ നടത്തുന്നതിന് പുതിയ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഡ്ജറ്റ് പ്രസംഗത്തിൻെറ അടിസ്ഥാനത്തിൽ തുടങ്ങുന്ന സ്ഥാപനങ്ങളായതുകൊണ്ട് നടപ്പ് സാമ്പത്തിക വർഷംതന്നെ സമയബന്ധിതമായി പ്രസ്തുത ഫാക്ടറികൾ പ്രവർത്തനമാരംഭിക്കേണ്ടതുള്ളതിനാലാണ് ഈ ഫാക്റികളിലെ മാത്രം നിയമന കാര്യത്തിൽ പുതിയ ഏജൻസികളെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. സുതാര്യമായ നടപടിക്രമങ്ങളിലൂടെ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് വേണ്ടി Kerala State Productivity Council (KSPC), KITCO, National |

Institute of Personnel Management (NIPM) എന്നീ പ്രൊഫഷണൽ ഏജൻസികളെയാണ് നിയമനം നടത്തുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഏതൊക്കെ തസ്തികകളിൽ പ്രസ്തുത ഏജൻസികൾ വഴി നിയമനം നടത്താനാണ് നടപടി സ്വികരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിന് പ്രസ്തുത ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല.

(ഡി) പുതിയതായി രൂപീകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ആകെ എത്ര തസ്തികകളിൽ ഇത്തരത്തിൽ നിയമനം നടത്താനാണ് പ്രസ്തുത ഏജൻസികളെ ചുമതലപ്പെടുത്തുന്നത്;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ പുതിയതായി ആരംഭിച്ച യൂണിറ്റുകളിലേക്കും വിപുലീകരണപദ്ധതികളിലേക്കുമായി ടെക്നിക്കൽ/നോൺ ടെക്നിക്കൽ തസ്തികകളിൽ 1919 നിയമനങ്ങൾ നടത്തുന്നതിനാണ് പ്രസ്തുത ഏജൻസികളെ ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളിലെ മുഴുവൻ നിയമനങ്ങളും പി.എസ്.സി വഴി നടത്തണമെന്ന തീരുമാനം നടപ്പാക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളിലെ മുഴുവൻ നിയമനങ്ങളും പി.എസ്.സി വഴി അല്ല നടത്തുന്നത് ടെക്നിക്കൽ തസ്തികകളിലേയ്ക്കുള്ള നിയമനം കമ്പനി നേരിട്ടോ പരിചയസമ്പന്നരായ ഏജൻസികൾ മുഖേനയോ സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 257 — 22/02/2011-ൽ മറുപടിക്ക്

### ട്രൈബൽ ഏരിയായിലും കോസ്റ്റൽ ഏരിയായിലുമുള്ള എം.ജി.എൽ. സെന്ററുകൾ നിലനിർത്തുന്നതിന് നടപടി

**ചോദ്യം**

ശ്രീ. കെ. കെ. ഷാജു:
" കെ. ബി. ഗണേഷ് കുമാർ :

എ) സംസ്ഥാനമൊട്ടാകെ എസ്.എസ്.എ. യുടെ കീഴിൽ നടപ്പിലാക്കി വരുന്ന മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകളുടെ പ്രവർത്തനം വിശദമാക്കുമോ; ഇപ്രകാരം പ്രവർത്തിച്ചുവരുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ ഭാവി അനിശ്ചിതത്വത്തിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) ട്രൈബൽ ഏരിയായിലും കോസ്റ്റൽ ഏരിയായിലുമുള്ള പാവപ്പെട്ട വിദ്യാർത്ഥികളുടെ ആശ്രയമായ പ്രസ്തുത വിദ്യാലയങ്ങൾ നിലനിർത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

സി) കൊല്ലം ജില്ലയിലെ മലയോര മേഖലയിൽ പ്രവർത്തിച്ചുവരുന്ന മുള്ളുമല, പ്രിയ എസ്റ്റേറ്റ്, വെൻച്വർ എസ്റ്റേറ്റ് എന്നീ എം.ജി.എൽ.സി. കളിൽ പഠിക്കുന്ന ട്രൈബൽ വിദ്യാർത്ഥികളുടെ ഭാവിയെ കരുതി പ്രസ്തുത സ്കൂളുകൾ നിലനിർത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

എ), ബി) & സി) ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ടും സാമൂഹ്യപരവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ കൊണ്ടും പാർശ്വവൽക്കരിക്കപ്പെട്ട വനമേഖല, തീരപ്രദേശം എന്നിവിടങ്ങളിലെ സ്കൂൾ പ്രായമെത്തിയ കുട്ടികൾക്ക് ഗുണമേന്മയുള്ള പ്രാഥമികവിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. 6-നും 14-നും ഇടയിൽ പ്രായമുള്ള കുട്ടികളിൽ പല കാരണങ്ങളാൽ പഠനം നിർത്തിപോയവർ, വീടും വിദ്യാലയവും തമ്മിലുള്ള അകലം കാരണം സ്കൂളുകളിൽ എത്താൻ കഴിയാത്തവർ, അച്ഛനമ്മമാരെ ജോലികളിൽ സഹായിക്കുന്നതുകൊണ്ട് പഠനം തുടരാൻ കഴിയാത്തവർ എന്നിങ്ങനെ വ്യത്യസ്ത വിഭാഗക്കാരാണ് ബദൽ വിദ്യാലയങ്ങളിൽ പഠിക്കുന്നത്. മുഖ്യ ധാരാവിദ്യാഭ്യാസത്തിലേയ്ക്ക് ഈ പഠിതാക്കളെ എത്തിക്കുന്നതിന് പരിശീലനം നേടിയ വിദ്യാഭ്യാസ സന്നദ്ധപ്രവർത്തകർ പ്രവർത്തിച്ചു വരുന്നു. ഒന്നു മുതൽ നാലു വരെ ഗ്രേഡുകളിലെ കുട്ടികൾ ഒരേ ക്ലാസിലിരുന്ന് ഒരദ്ധ്യാപകന്റെ നേതൃത്വത്തിൽ പഠനം നടത്തുന്നുവെന്നതാണ് മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകളുടെ പ്രത്യേകത. ഇവിടെയുള്ള പഠനം ഫലപ്രദമായി പൂർത്തിയാക്കുന്ന പഠിതാക്കളെ പൊതുവിദ്യാലയത്തിലെത്തിക്കുന്നു.

ഏകാദ്ധ്യാപകവിദ്യാലയങ്ങളുടെ ഭാവി അനിശ്ചിതത്വത്തിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ

→

സെക്ഷൻ ഓഫീസർ

സെന്ററുകളുടെ പ്രവർത്തനത്തിന് എസ്.എസ്.എ-യുടെ 2010-11 വാർഷിക പദ്ധതിയിൽ കേന്ദ്രസർക്കാർ തുക വകയിരുത്തിയിരുന്നില്ല. എന്നാൽ ബദൽ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ പ്രവർത്തകർക്ക് 2010-2011 അദ്ധ്യയന വർഷാവസാനം വരെ പ്രതിഫലം നൽകുന്നതിനുള്ള നടപടി സംസ്ഥാനം സ്വീകരിച്ചിട്ടുണ്ട്. തത്ഫലമായി ഏകാദ്ധ്യാപകവിദ്യാലയങ്ങൾ എല്ലാം മുടങ്ങാതെ പ്രവർത്തിക്കുന്നുണ്ട്.

വിദ്യാഭ്യാസ അവകാശനിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ ഇത്തരം കേന്ദ്രങ്ങളെ സാധാരണ വിദ്യാലയങ്ങളാക്കി മാറ്റേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമ പ്രകാരം അയൽപക്കത്ത് സ്കൂളുകൾ സ്ഥാപിക്കുവാൻ 3 വർഷം വരെ സാവകാശം നൽകുന്നുണ്ട്. ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസത്തിലേയ്ക്ക് കൊണ്ടുവരാൻ ആവശ്യമായ സമയം അനുവദിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതുവരേയ്ക്കും ഈ കേന്ദ്രങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മുടങ്ങാതിരിക്കുവാനായി 2011-12-ലെ എസ്.എസ്.എ-യുടെ വാർഷിക പദ്ധതിയിൽ പുതിയ സ്കൂളുകൾ, റസിഡൻഷ്യൽ സ്കൂളുകൾ, പ്രത്യേക പരിശീലന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനേഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 258 22-02-2011 ന് മറുപടിക്ക്

**വനഭൂമി കയ്യേറ്റങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>" എ.പി. അബ്ദുള്ളക്കുട്ടി:<br>" അടൂർ പ്രകാശ്:<br>" എം.എ. വാഹിദ്: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഇടുക്കിയിൽ കെ.ഡി.എച്ച് വില്ലേജിൽപ്പെട്ട എത്ര ഏക്കർ സ്ഥലം വനഭൂമിയായി നൽകണമെന്നാണ് ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയ കേന്ദ്ര സംഘം സംസ്ഥാന സർക്കാരിനെ അറിയിച്ചത്; | (എ) | ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച് വില്ലേജിൽപ്പെട്ട 17349.9 ഏക്കർ സ്ഥലം വനഭൂമിയായി നോട്ടിഫൈ ചെയ്യണമെന്നാണ് ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയ കേന്ദ്ര സംഘം സംസ്ഥാന സർക്കാരിനെ അറിയിച്ചത്. |
| (ബി) | ഇവിടെ ഇതുവരെ ആകെ എത്ര കയ്യേറ്റങ്ങൾ നടന്നതായാണ് കണ്ടെത്തിയിട്ടുള്ളത്; | (ബി) | ഇവിടെ ഇതുവരെ കയ്യേറ്റങ്ങളൊന്നും നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. |
| (സി) | ഈ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമി വനം വകുപ്പിന് കൈമാറുന്നതിനായി സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു? | (സി) | ' ബി' ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 259 22.02.2011- ൽ മറുപടിനൽകേണ്ടത്.

### 'റവന്യൂ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ.ഷുക്കൂർ :<br>" കെ.സി.ജോസഫ് :<br>" ജോർജ് മേഴ്സിയർ :<br>" തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ. കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) റവന്യൂ വകുപ്പിലെ അഴിമതി കണ്ടെത്താനും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും റവന്യൂ ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) റവന്യൂ വകുപ്പിന് റവന്യൂ ഇന്റലിജൻസ് എന്നൊരു സംവിധാനം നിലവിലില്ല. എന്നാൽ റവന്യൂ വകുപ്പിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അഴിമതി തടയുന്നതിനുമായി റവന്യൂ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. |
| (ബി) റവന്യൂ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഈ സംവിധാനത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്. | (ബി) റവന്യൂ വിജിലൻസ് വിഭാഗം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നോർത്ത്, സൗത്ത് വിജിലൻസ് മേഖലകൾക്കുപുറമെ എറണാകുളം ആസ്ഥാനമായി മദ്ധ്യമേഖല വിജിലൻസ് ഓഫീസ് പുതുതായി രൂപീകരിച്ചതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) റവന്യൂ ഇന്റലിജൻസ് സംവിധാനം നടപ്പിലാക്കിയശേഷം വകുപ്പുതലത്തിലെ എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്; | (സി) റവന്യൂ വിജിലൻസ് വിഭാഗം നിലവിൽ വന്നതിനുശേഷം വകുപ്പുതലത്തിൽ 2449 പരാതികളിൽ വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) ഇന്റലിജൻസ് വിഭാഗം കണ്ടെത്തിയ എത്ര കേസുകൾ ഇപ്പോഴും കോടതി നടപടികൾ പൂർത്തിയാക്കാനായിട്ടുണ്ട് എന്ന് വിശദീകരിക്കുമോ? | (ഡി) ഇത്തരം കേസുകളൊന്നുംതന്നെ കോടതിയിൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 260 **22.02.2011** - ൽ മറുപടിക്ക്

## ഭവനനിർമ്മാണ രംഗത്ത് ആവിഷ്ക്കരിച്ച് നടപ്പാക്കിയ പദ്ധതികൾ

**ചോദ്യം**

ശ്രീ. രാജാജി മാത്യു തോമസ്
ശ്രീ. വി.എസ്. സുനിൽകുമാർ
ശ്രീ. പി. തിലോത്തമൻ
ശ്രീ. ബാബു പോൾ

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ രംഗത്ത് ആവിഷ്ക്കരിച്ച് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. ബിനോയ് വിശ്വം
(വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ രംഗത്ത് ആവിഷ്ക്കരിച്ച് നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

**I. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്**

1. എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി
2. സുരക്ഷാ ഭവന പദ്ധതി
3. ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം (അത്താണി ഭവന പദ്ധതി)
4. സുനാമി പുനരധിവാസ പദ്ധതി
5. പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള ഭവന പദ്ധതി
6. പട്ടികജാതി വർഗ്ഗക്കാർക്കുള്ള ഭവന പദ്ധതി

മേൽ പദ്ധതികളെക്കുറിച്ചുള്ള വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

**II. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം**

ഭവനനിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ

നടപ്പിലാക്കുന്നതിനായി 2,200 ലക്ഷം രൂപ പദ്ധതി വിഹിതമായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. പാവപ്പെട്ടവരുടേയും സാധാരണക്കാരുടേയും ആശ്രയകേന്ദ്രമായ കലവറ-കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിതരണ കേന്ദ്രം ജില്ലകൾ തോറും ആരംഭിച്ചു. നിർമ്മാണ മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നു. ചിലവുകുറഞ്ഞ കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കുകയും പ്രവർത്തനരഹിതമായിരുന്ന ഉൽപ്പാദന കേന്ദ്രങ്ങൾ പുനരുദ്ധരിക്കുകയും ചെയ്തു. നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പരിശോധന ശാലകൾ ആരംഭിച്ചു.

വിവിധ സർക്കാർ വകുപ്പുകളുടെ സഹായത്തോടെ സമൂഹത്തിൽ താഴെതട്ടിലുള്ള മൂവായിരത്തിൽപ്പരം കുടുംബങ്ങളുടെ വീടുകളുടെ നിർമ്മാണം ഏറ്റെടുത്തു നടപ്പിലാക്കുകയും ദുർബ്ബലരും നിർദ്ധനരുമായ വ്യക്തികൾക്ക് സൗജന്യമായി വീടു വച്ചു നൽകുകയും ചെയ്തു. പ്രശസ്ത വാസ്തു ശില്പി പത്മശ്രീ. ഡോ. ലാറിബേക്കറിന്റെ നാമധേയത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള കെട്ടിട നിർമ്മാണ സാങ്കേതിക പഠന ഗവേഷണ കേന്ദ്രം (ലാബിഷാസ്) ആരംഭിച്ചു.

**III.** തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ വഴി ഇ.എം.എസ്. ഭവനപദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഈ കാലയളവിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എത്ര പ്രാവശ്യം നടപ്പിലാക്കി; മൊത്തം ഇതുവരെ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു;

(ബി) 7.02.2004- മുതൽ ഭവനനിർമ്മാണ ബോർഡിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 14 തവണ നടപ്പാക്കി. ടി പദ്ധതി ഏറ്റവും ഒടുവിൽ 30.06.2011-വരെ ദീർഘിപ്പിച്ചിരിക്കുകയാണ്. മൊത്തം ഇതുവരെ 59330

| | |
|---|---|
| | പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (സി) ഇക്കാലത്ത് കെട്ടിട നിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) ഇന്ത്യയിലാദ്യമായി കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് മാത്രമായുള്ള ന്യായവില വിപണന കേന്ദ്രം (കലവറ) ആരംഭിച്ചു. മണലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി മണൽ കലവറകളും ഗുണനിലവാരമുള്ള നിർമ്മാണ സാമഗ്രികൾക്കായി ഉൽപ്പാദന കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. |

[signature]

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 261

22..02..2011 -ൽ മറുപടിയ്ക്ക്.

## സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മികവ് വർദ്ധിപ്പിക്കുന്നതിനായി നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ജോർജ് മേഴ്സിയർ**<br>**ശ്രീ. കെ. ബാബു**<br>**ശ്രീ. എം. എ. വാഹീദ്**<br>**ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ. എം.എ. ബേബി**<br>(വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മികവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് സെന്ററുകൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മികവ് വർദ്ധിപ്പിക്കാനും എഞ്ചിനീയറിംഗ് ഗവേഷണം പ്രോത്സാഹിപ്പിക്കാനും ഉദ്ദേശിച്ച് സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് (CERD) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 15-06-2010 -ൽ ഉത്ഘാടനം നിർവ്വഹിക്കപ്പെട്ട ഈ കേന്ദ്രത്തിന്റെ ആസ്ഥാനം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് ആണ്.<br><br>ഗവേഷണത്തിനാവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുക, ഗവേഷണത്തിനാവശ്യമായ തുക ലഭ്യമാക്കാൻ വിവിധ ഏജൻസികളുമായി ബന്ധപ്പെടുക, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ശിൽപശാലകൾ നടത്തുക, ഗവേഷണം തുടങ്ങാനാവശ്യമായ തുക ലഭ്യമാക്കുക, ഗവേഷകർക്ക് അവാർഡും പ്രോത്സാഹന സമ്മാനങ്ങളും നൽകുക തുടങ്ങി ഗവേഷകർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കാനാണ് ഈ കേന്ദ്രം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. |

(തുടർച്ച........ പേജ് 2/-)

(ബി) ഇത്തരം കേന്ദ്രങ്ങൾ സംസ്ഥാനത്ത് ഏതെല്ലാം എഞ്ചിനീയറിംഗ് കോളേജുകളിൽ സ്ഥാപിക്കണമെന്ന നിർദ്ദേശമാണ് പരിഗണനയിലുള്ളത്;

(ബി) സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റിന്റെ ഉപഗ്രഹകേന്ദ്രങ്ങൾ എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അവ ചുവടെ പറയുന്നു:

1. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺഹിൽ.
1. ഗവൺമെന്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.
3. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം.
4. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി.
5. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശൂർ.
6. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം.
7. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, മാനന്തവാടി.
8. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്.
9. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ.

*(തുടർച്ച........ പേജ് 3/-)*

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഇതുവരെ എത്ര സർക്കാർ പോളിടെക്നിക്കുകളിൽ ഇത്തരം ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കാൻ കഴിഞ്ഞു; | (സി) | സംസ്ഥാനത്തെ 43 സർക്കാർ പോളിടെക്നിക്കുകളിലും ഫിനിഷിംഗ് സ്കൂൾ ആരംഭിച്ചുകഴിഞ്ഞു. |
| (ഡി) | അടുത്ത അദ്ധ്യയന വർഷത്തിൽ കൂടുതലായി എത്ര പോളിടെക്നിക്കുകളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ? | (ഡി) | എല്ലാ സർക്കാർ പോളിടെക്നിക്കുകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം :262 — 22.02.2011 -ൽ മറുപടിയ്ക്ക്

### വനം വകുപ്പിന്റെ കീഴിലുള്ള നഴ്സറികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ. ജയചന്ദ്രൻ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ. ബി.ഡി.ദേവസ്സി<br>ശ്രീ. പി.കൃഷ്ണപ്രസാദ് | ശ്രീ. ബിനോയ് വിശ്വം (വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) വനം വകുപ്പിന്റെ കീഴിലുള്ള നഴ്സറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) വനം വകുപ്പിന്റെ കീഴിലുള്ള നഴ്സറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഗുണമേന്മയുള്ള നല്ലയിനം വിത്തുകൾ ഉപയോഗിക്കുക, തൈകളെ കീടങ്ങളിൽ നിന്നും സംരക്ഷിക്കുക, ആവശ്യമായ ബയോഫെർട്ടിലൈസേർസ് ഉപയോഗിക്കുക, കളകൾ യഥാസമയം നീക്കം ചെയ്യുന്നതിനും തൈകളുടെ സംരക്ഷണത്തിനും പ്രത്യേകം വാച്ചർമാരെ നിയോഗിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) വനം വകുപ്പ് നടപ്പാക്കുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതികൾക്കായി കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എത്ര വൃക്ഷത്തൈകൾ വിതരണം ചെയ്തു ; | ബി) വനം വകുപ്പ് നടപ്പാക്കുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതികൾക്കായി കഴിഞ്ഞ രണ്ടു വർഷങ്ങളിൽ 116.35 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തു |
| സി) മെച്ചപ്പെട്ട വൃക്ഷത്തൈകൾ പൊതുജനങ്ങൾക്ക് സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ; | സി) മെച്ചപ്പെട്ട വൃക്ഷത്തൈകൾ പൊതുജനങ്ങൾക്ക് സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിനായി 2007 മുതൽ 2010 വരെ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ താഴെ വിവരിക്കുന്നു.<br>വനം വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടപ്പിലാക്കിയ എന്റെ മരം പദ്ധതി പ്രകാരം 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് 2007 മുതൽ 2010 വരെ 77.97 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തു.<br>പ്ലസ് ടു മുതൽ കോളേജ്തലം വരെയുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് നടപ്പിലാക്കിയ നമ്മുടെ മരം പദ്ധതിപ്രകാരം 2008 മുതൽ 2010 വരെ 16 ലക്ഷം തൈകൾ വിതരണം ചെയ്തു. |

| | | | |
|---|---|---|---|
| | | | വനം വകുപ്പും തദ്ദേശ സ്വയംഭരണവകുപ്പും ചേർന്ന് ഹരിതകേരളം ഒന്നാംഘട്ടം പദ്ധതിപ്രകാരം സർക്കാർ തരിശുഭൂമിയിൽ തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി ആരംഭിച്ചു. 31.4 ലക്ഷം വൃക്ഷതൈകൾ 2009-ൽ വിതരണം ചെയ്തു. ഹരിത കേരളം രണ്ടാംഘട്ടം പദ്ധതിപ്രകാരം 2010-ൽ എന്റെ മരം, നമ്മുടെ മരം, പഞ്ചായത്തുകൾ വഴിയുള്ള വിതരണം, മറ്റുപൊതുജനങ്ങൾക്കുള്ള വിതരണം എന്നീ ഘടകങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കുടക്കീഴിൽ നടപ്പിലാക്കി. രണ്ടാം ഘട്ടപദ്ധതിപ്രകാരം 79.5 ലക്ഷം വൃക്ഷതൈകൾ വിതരണം ചെയ്തു. |
| ഡി) | മെച്ചപ്പെട്ട ഔഷധ സസ്യങ്ങൾ നഴ്സറികളിലൂടെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | കുമ്പിൾ, കൂവളം, അഗത്തിച്ചീര, അശോകം, നെല്ലി, വേപ്പ്, ചന്ദനം എന്നീ മെച്ചപ്പെട്ട ഔഷധഗുണമുള്ള തൈകൾ ഇപ്പോഴും സോഷ്യൽ ഫോറസ്ട്രിയുടെ കീഴിലുള്ള നഴ്സറികളിൽ നിന്നും വിതരണം ചെയ്യുന്നു. ഗുണനിലവാരമുള്ള ഔഷധ സസ്യ തൈകൾ വിതരണം ചെയ്യുന്ന പരിപാടി തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 263 22.02.2011 ൽ മറുപടിക്ക്

### തുടർവിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ. പി.വിശ്വൻ | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |

(എ) തുടർവിദ്യാഭ്യാസ പദ്ധതി പ്രകാരം സംസ്ഥാനത്ത് നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(എ) (1) തുടർവിദ്യാഭ്യാസ പദ്ധതി വ്യാപകമാക്കുന്നതിനായി ലീപ് എന്ന ആജീവന വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടിയ്ക്ക് തുടക്കം കുറിച്ചു.

(2) പലകാരണങ്ങളാൽ 15 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള യഥാസമയം വിദ്യാഭ്യാസം നേടാൻ കഴിയാത്തവർക്കായി സംസ്ഥാനമൊട്ടാകെ ഔപചാരിക വിദ്യാഭ്യാസത്തിന് സമാനമായ 4,7,10 ക്ലാസ് തുല്യത വിദ്യാഭ്യാസ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

(3) കേരളം സമ്പൂർണ്ണ നാലാംതരം തുല്യത നേടിയെടുക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നടപ്പു സാമ്പത്തിക വർഷത്തെ പ്രത്യേക പദ്ധതിയായ 'അതുല്യം' ഒന്നാംഘട്ടം (സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി) പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്ത് 140 നിയോജകമണ്ഡലങ്ങളിലും ഇപ്പോൾ നടന്നു വരുന്നു.

(4) ജീവിതകാലം മുഴുവൻ വിദ്യാഭ്യാസം തുടരാനും, തൊഴിൽ നൈപുണ്യ വികസിപ്പിക്കാനും ശ്രീമതി. കെ. കെ. ശൈലജ ടീച്ചറുടെ നേതൃത്വത്തിൽ സമർപ്പിക്കുകയും സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും ചെയ്ത റിപ്പോർട്ട് പ്രായോഗികമാക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

| | | | |
|---|---|---|---|
| (ബി) | തുടർ വിദ്യാഭ്യാസ പദ്ധതിക്ക് കേന്ദ്ര സർക്കാർ സഹായം നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ബി) | തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാർ നൽകി വന്നിരുന്ന ധന സഹായം 2009 മാർച്ച് 31 ന് നിർത്തലാക്കി. |
| (സി) | തുടർവിദ്യാഭ്യാസ പദ്ധതി കാര്യക്ഷമമാക്കുന്നതിനായി നിയോഗിച്ചിരുന്ന സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (സി) | ഉണ്ട്. (റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നാലാംതരം തുല്യതക്കായുള്ള പ്രൊജെക്ട് റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു) |
| (ഡി) | പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; | (ഡി) | പ്രസ്തുത റിപ്പോർട്ടിലെ പ്രസക്ത നിർദ്ദേശങ്ങൾ ചേർത്ത് തുടർവിദ്യാഭ്യാസത്തിനായുള്ള നയം രൂപീകരിക്കുകയും അതിന്റെ തുടർച്ച എന്ന നിലയിലാണ് ലീപ് മിഷന് രൂപം നൽകിയത്. |
| (ഇ) | സാക്ഷരത നേടുന്നവർക്കുള്ള തുല്യതാപരീക്ഷയുടെ വിശദാംശം നൽകുമോ ; | (ഇ) | സാക്ഷരത കൈവരിക്കുന്നവർക്ക് സംസ്ഥാനമിഷൻ നടത്തുന്ന ഒന്നാംഘട്ടമായ നാലാം തരം തുല്യത കോഴ്സിലേയ്ക്കും നാലാംതരം യോഗ്യത നേടുന്നവരെ ഏഴാം തരം തുല്യത കോഴ്സിലേയ്ക്കും ഏഴാം തരം തുല്യത നേടുന്നവരെ ഔപചാരിക പത്താം തരത്തിന് സമാനമായ പത്താംതരം തുല്യത കോഴ്സിലേയ്ക്കും ചേർന്ന് പഠിച്ച് യോഗ്യത നേടുന്നതിന് അവസരമുണ്ട്. |
| (എഫ്) | സാക്ഷരത കൈവരിക്കുന്നതോടൊപ്പം തൊഴിൽ ലഭ്യതയ്ക്ക് അവസരമൊരുക്കുന്ന പദ്ധതികൾ കൂടി ആസൂത്രണം ചെയ്യുമോ ; സാക്ഷരതാ പ്രേരക്മാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ? | (എഫ്) | ഇതിനായി ജില്ലകളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാക്ഷരതാ പ്രേരക്മാർക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. കുടാതെ കേന്ദ്രസർക്കാരിന്റെയാതൊരു സാമ്പത്തിക സഹായമില്ലാഞ്ഞിട്ടും പ്രേരകന്മാരുടെ ഓണറേറിയം 2000 രൂപയാക്കിമാറ്റും എന്ന് അടുത്തവർഷത്തെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 264

22.02.2011-ൽ മറുപടിക്ക്.

## വ്യവസായ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശികുമാർ :<br>ശ്രീ. എ.എം. യൂസഫ് :<br>ശ്രീ. എ.സി. മൊയ്തീൻ :<br>ശ്രീ. കെ.കെ. ദിവാകരൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യവസായ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;<br><br>(ബി) വൻകിട നിക്ഷേപങ്ങൾ ആകർഷിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ)-യും (ബി)-യും.<br><br>കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി തീർക്കാനും വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനുമായി കെ.എസ്.ഐ.ഡി.സി, കിൻഫ്ര, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് എന്നിവയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിനകത്തും പുറത്തും നിക്ഷേപ സംഗമങ്ങൾ നടത്തുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ വികസനത്തിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലേയ്ക്കായി ഇൻഫ്രാസ്ട്രക്ചേഴ്സ് കേരള ലിമിറ്റഡ് (ഇൻകൽ) എന്ന കമ്പനി രൂപീകരിച്ചു. കൂടാതെ, സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ അന്തരീക്ഷം മറുനാടുകളിലെത്തിക്കുന്നതിനും വിദേശ മലയാളികളെ സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിന് ആകർഷിക്കുന്നതിനുമായി ബഹു. വ്യവസായ വകുപ്പു മന്ത്രിയും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരും വിദേശ രാജ്യങ്ങൾ സന്ദർശിക്കുകയും അവിടത്തെ വ്യവസായ പ്രമുഖരുമായി ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്. വൻകിട പദ്ധതികൾക്ക് ഏകജാലക ക്ലിയറൻസ് സംവിധാനത്തിലൂടെ വിവിധ വകുപ്പുകളിൽ നിന്ന് ലഭിക്കേണ്ടുന്ന അനുമതികൾ ത്വരിതപ്പെടുത്തി ലഭ്യമാക്കുന്നു. |
| (സി) പ്രവാസികൾക്ക് വ്യവസായ നിക്ഷേപങ്ങൾക്ക് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുമോ ; | (സി) പ്രവാസികൾക്ക് വ്യവസായ നിക്ഷേപങ്ങൾക്ക് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം കെ.എസ്.ഐ.ഡി.സി പരിശോധിക്കുന്നതാണ്. |
| (ഡി) പ്രവാസികൾക്കായി കേരളത്തിൽ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഡി) പ്രവാസികൾക്കായി പ്രത്യേക വ്യവസായ പാർക്ക് ആരംഭിക്കുന്ന കാര്യം കെ.എസ്.ഐ.ഡി.സി പരിഗണിച്ച് വരികയാണ്. പ്രവാസി വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കിൻഫ്ര സ്ഥാപിച്ച |

എല്ലാ വ്യവസായ പാർക്കുകളിലും മുൻഗണന നൽകാറുണ്ട്. ഇതു പ്രകാരം നിരവധി പ്രവാസി വ്യവസായ സംരംഭകർ അവരുടെ യൂണിറ്റുകൾ കിൻഫ്ര പാർക്കുകളിൽ വിജയകരമായി നടത്തിവരുന്നു.

(ഇ) ഈ സർക്കാർ വന്നശേഷം വ്യവസായ രംഗത്ത് ഉണ്ടായ പ്രധാന നേട്ടങ്ങൾ വ്യക്തമാക്കുമോ ?

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു പുതിയ വ്യവസായ നയം-2007 പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാൻ നൂതനമായ പല നയങ്ങളും പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പോളിസിയിൽ ഊന്നൽ കൊടുക്കുന്നത് അടിസ്ഥാന സൗകര്യ വികസനത്തിനാണ്. ഇതിനായി ഇൻഫ്രാസ്ട്രക്ച്ചേഴ്സ് കേരള ലിമിറ്റഡ്, കെ.എസ്.ഐ.ഡി.സി, കിൻഫ്ര, വ്യവസായ വാണിജ്യ വകുപ്പ് എന്നിവയുടെ സഹായ--ത്തോടെയും പ്രവാസി മലയാളികളുടെ പങ്കാളിത്തത്തോടുകൂടിയും വ്യവസായ അടിസ്ഥാന സൗകര്യം ലോകനിലവാരത്തി--ൽ വികസിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കൂടാതെ വ്യവസായങ്ങൾക്ക് ഗുണനിലവാരമുള്ള വൈദ്യുതി, വെള്ളം എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുവാനുള്ള നടപടികളും എടുത്തുവരുന്നു.

തിരഞ്ഞെടുക്കപ്പെട്ട മേഖലകളിലും സാധ്യതാ പ്രദേശങ്ങളിലും വ്യവസായ ഇടനാഴികൾ സ്ഥാപിക്കുകയും ക്ലസ്റ്റർ വികസനം പ്രോത്സാ-ഹിപ്പിക്കുകയും ചെയ്യുന്നു. ഉത്പാദന, വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾക്ക് അനുയോജ്യമായ സുപ്രധാന പ്രദേശങ്ങളിൽ തൊഴിൽ വൈദഗ്ദ്ധ്യ വികസന സ്ഥാപനങ്ങൾ ആരംഭിക്കുവാനായി പ്രോത്സാഹനം നൽകുകയും സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് യോജിച്ച വിധത്തിൽ സാങ്കേതികം, ശാസ്ത്രീയം, തൊഴിൽ വൈദഗദ്ധ്യ വികാസം, മാനേജ്മെന്റ് എന്നീ മേഖലകളിലെ പ്രശസ്ത സ്ഥാപനങ്ങളിലെ വൈദഗദ്ധ്യം കൃത്യമായ ദിശകളിലേക്ക് തിരിച്ചുവിടുകയും ചെയ്യുന്നുണ്ട്. സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് ഉതകുന്ന തരത്തിൽ വിദേശ നിക്ഷേപം കണ്ടെത്തുവാനും ആകർഷിക്കാനും അതുവഴി സാധ്യത വർദ്ധിപ്പിക്കുവാനും സാങ്കേതിക പുരോഗതിയിൽ സഹായിക്കുവാനും നടപടികൾ എടുത്തുവരുന്നു.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 265

22.02.2011-ൽ മറുപടിക്ക്.

## വ്യവസായ മേഖലയിൽ കെ.എസ്.ഐ.ഡി.സി നടപ്പിലാക്കിയിട്ടുള്ള പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എ. വാഹീദ് :<br>ശ്രീ. എ.പി. അനിൽകുമാർ :<br>ശ്രീ. കെ. ശിവദാസൻ നായർ :<br>**ശ്രീ. ജോർജ് മേഴ്സിയർ :** | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വ്യവസായ മേഖലയിൽ മികവുറ്റ പ്രൊഫഷണലിസവും ആധുനികവും പുതുമയാർന്നതുമായ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ ; | (എ) സംസ്ഥാനത്തെ പ്രമുഖ വ്യവസായ പ്രോത്സാഹന ഏജൻസിയായ കെ.എസ്.ഐ.ഡി.സി വ്യവസായം വളർത്തുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രധാനമായും പുതിയ വ്യവസായ ആശയങ്ങൾ വളർത്തുക, ഉചിതമായ പദ്ധതികൾ കണ്ടെടുക്കുക, അവയ്ക്ക് ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുക എന്നിവയാണ്. കൂടാതെ കൺസൾട്ടൻസി സേവനം നൽകുകയും ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് ഏകജാലക സംവിധാന--ത്തിലൂടെ ക്ലിയറൻസ് നൽകുന്നതിനുള്ള നോഡൽ ഏജൻസിയായും പ്രവർത്തിക്കുന്നു. കൂടാതെ അവയ്ക്ക് ആവശ്യമായ ഭൂമിയും സാമ്പത്തിക സഹായവും കെ.എസ്.ഐ.ഡി.സി നൽകുന്നതാണ്. |
| (ബി) വിനോദവും ടൂറിസവും സംയോജിപ്പിച്ചുകൊണ്ട് വൻകിട അമ്യൂസ്മെന്റ് പാർക്കുകളുൾപ്പെടെ എന്തൊക്കെ പുതിയ സംരംഭങ്ങൾക്ക് ഇത്തരത്തിൽ പ്രോത്സാഹനം നൽകാനായിട്ടുണ്ട് ; | (ബി) കെ.എസ്.ഐ.ഡി.സി-യുടെ പങ്കാളിത്ത--ത്തോടെ നടപ്പിലാക്കിയ അമ്യൂസ്മെന്റ് പാർക്കുകൾ പോലുള്ള പുതിയ പദ്ധതികൾ താഴെപ്പറയുന്നു.<br>1) കാപ്പികോ കേരള റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, ആലപ്പുഴ.<br>2) കെ.ജി.എ. എസ്റ്റേറ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം.<br>3) ഗ്രീൻ ഗേറ്റ് വേ ലെഷർ ലിമിറ്റഡ്, കാസർഗോഡ്.<br>4) അവേദ റിസോർട്ട്സ് & സ്പാ പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം.<br>5) കുമരകം അക്വാ സെറീൻ പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം. |

(തുടർച്ച....2)

6) സിൽവർ കാസ്റ്റിൽ ഹോളിഡെയ്സ് & റിസോർട്ട്സ് ഇൻഡ്യ പ്രൈ. ലി., വയനാട്.
7) അബാദ് ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം.
8) സീ ലഗൂൺ ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം.
9) ട്രാവൽ സ്പേസ് ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.
10) ഹോട്ടൽ ടെക് ട്രേഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.

(സി) വൻപുരോഗതി പ്രതീക്ഷിക്കുന്ന ടൂറിസം മേഖലയിൽ ഏതൊക്കെ തരത്തിലുള്ള വ്യവസായ സംരംഭങ്ങൾക്ക് നേതൃത്വം നൽകുവാനാണ് കെ.എസ്.ഐ.ഡി.സി ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) റിസോർട്ട്, ഹെറിറ്റേജ് വില്ലേജ് തുടങ്ങിയ പദ്ധതികൾക്കാണ് ടൂറിസം മേഖലയിൽ കെ.എസ്.ഐ.ഡി.സി പ്രോത്സാഹനം നൽകുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഇതിനു പുറമെ മറ്റേതൊക്കെ മേഖലകളിലെ പുതിയ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകാൻ കെ.എസ്.ഐ.ഡി.സി പദ്ധതി തയ്യാറാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

(ഡി) ആരോഗ്യം, വിവരസാങ്കേതിക വിദ്യ, ലൈറ്റ് എൻജിനീയറിംഗ്, ഭക്ഷ്യ സംസ്ക്കരണം, ബയോടെക്നോളജി, ലോജിസ്റ്റിക്സ്, റീറ്റെയിലിംഗ് തുടങ്ങിയ മേഖലകളിലെ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകാനാണ് കെ.എസ്.ഐ.ഡി.സി ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *266 22.02.2011 ൽ മറുപടിക്ക്

സാംസ്കാരിക പ്രവർത്തകരുടെ ക്ഷേമത്തിനായി ക്ഷേമനിധി ബോർഡ്

ചോദ്യം

ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. വി.എസ്. സുനിൽകുമാർ
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീ. രാജാജി മാത്യു തോമസ്

മറുപടി

ശ്രീ. എം.എ.ബേബി
(ബഹു: വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി)

എ) സാംസ്കാരിക പ്രവർത്തകരുടെ ക്ഷേമത്തിനായി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ ബോർഡ് എപ്പോൾ രൂപീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

എ) "2010 ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട്" എന്ന പേരിൽ കേരള നിയമസഭ പാസ്സാക്കിയ ആക്ടിലെ സെക്ഷൻ 8 (4) വ്യവസ്ഥ ചെയ്യുന്ന പ്രകാരം നിധിയുടെ നടത്തിപ്പിനായി 22 പേരുള്ള ഒരു ബോർഡ്14-02-2011- ൽ രൂപീകരിച്ചിട്ടുണ്ട്.

ബി) ഈ ക്ഷേമനിധിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാനുദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

ബി) സാംസ്കാരിക പ്രവർത്തകർക്ക് പെൻഷൻ, കുടുംബ പെൻഷൻ,ചികിത്സാധനസഹായം, ശാരീരിക അവശത/അംഗവൈകല്യം മൂലം ഉപജീവനത്തിന് ജോലിചെയ്യുവാൻ കഴിയാതുള്ളവർക്ക് സാമ്പത്തിക സഹായം, വനിതാ അംഗങ്ങൾക്ക് പ്രസവാനുകൂല്യം, വനിതാ അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹത്തിന് ധനസഹായം, മരണമടഞ്ഞ അംഗത്തിന്റെ കുടുംബത്തിന് ധനസഹായം, അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്, വായ്പ, സാംസ്കാരിക പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന് അംഗങ്ങൾക്ക് വായ്പ, മുൻകൂറുകൾ, മെയിന്റനൻസ് ഫണ്ട് എന്നീ ആനുകൂല്യങ്ങളാണ് നൽകാനുദ്ദേശിച്ചിട്ടുള്ളത്.

സി) ഈ ക്ഷേമനിധിയിൽ അംഗമാകുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ടെന്ന് വിശദമാക്കുമോ?

സി) ക്ഷേമനിധിയിൻ കീഴിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളും, അംഗമാകുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളും പ്രതിപാദിക്കുന്ന പദ്ധതി തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 267

22.02.2011 ൽ മറുപടിയ്ക്ക്

## പരമ്പരാഗത വ്യവസായ മേഖലയുടെ പരിപോഷണത്തിനായി സ്വീകരിച്ച നടപടികൾ

**ചോദ്യം**

**ഉത്തരം**

**ശ്രീ.എം.കെ. പുരുഷോത്തമൻ:**
**" കെ.കെ. ദിവാകരൻ:**
**" പി. ജയരാജൻ**
**കെ. കുഞ്ഞിരാമൻ**

**ശ്രീ. എളമരം കരീം**
**(ബഹു. വ്യവസായ വകുപ്പ് മന്ത്രി)**

(എ) പരമ്പരാഗത വ്യവസായ മേഖലയുടെ പരിപോഷണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) പരമ്പരാഗത വ്യവസായ മേഖലയുടെ പരിപോഷണത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു:

**കെൽപാം:**
പരമ്പരാഗത കരിമ്പന വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കെൽപാം കരിമ്പനാധിഷ്ഠിത വ്യവസായ തൊഴിലാളി കുടുംബങ്ങൾക്ക് ക്ഷേമ പദ്ധതിയുടെ ഭാഗമായി ജനശ്രീ ഭീമായോജന പദ്ധതി നടപ്പിലാക്കി. കുറഞ്ഞ പലിശ നിരക്കിലുള്ള എൻ.ബി.സി.എഫ്.ഡി.സി യുടെ വായ്പ പദ്ധതി നടപ്പിലാക്കി. കരിമ്പന കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി. കരിമ്പന ഉല്പന്ന വികസനത്തിന്റെ ഭാഗമായി കൊറ്റാമത്തെ ശീതളപാനീയ യൂണിറ്റും പനയോല കരകൗശല നിർമ്മാണ യൂണിറ്റും വൈവിധ്യവൽക്കരണം ചെയ്തു. പാലക്കാട് ജില്ലയിലെ കല്ലേപ്പുള്ളിയിലുള്ള പനം നാര് സംസ്കരണ കേന്ദ്രം പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി പരമ്പരാഗത തൊഴിൽ മേഖല വിപുലപ്പെടുത്തി.

**കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ:**
പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാൻസ് വ്യവസായ യൂണിറ്റുകൾ നടത്തുവാനായി കേന്ദ്രസർക്കാർ സ്ഥാപനമായ എൻ.ബി.സി.എഫ്.ഡി.സി-യിൽ നിന്നും ലഭിക്കുന്ന സ്വയം തൊഴിൽ വായ്പ്പയ്ക്കുള്ള

പദ്ധതിയിൽ നിന്നും വായ്പകൾ നൽകി വരുന്നു. മൺപാത്ര നിർമ്മാണം, ഹാന്റിക്രാഫ്റ്റ്സ്, മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപ്പണി, വെള്ളിയാഭരണങ്ങൾ നിർമ്മാണം എന്നിവയ്ക്കു വേണ്ടിയാണ് വായ്പകൾ നൽകുന്നത്. ആർട്ടിസാൻസ് യൂണിറ്റുകളെ പങ്കെടുപ്പിച്ചു കൊണ്ട് കരകൗശല ഉല്പന്നങ്ങൾ വിറ്റഴിക്കുവാനായി കോർപ്പറേഷന്റെ ആഭിമുഖ്യ ത്തിൽ കേരളത്തിലുടനീളം ആർട്ടിസാൻസ് ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. കൈ ത്തൊഴിൽ രംഗത്ത് സ്ത്രീകൾക്ക് പരിശീലനം നൽകുന്നതിനായി ഗൃഹസ്ഥ എന്ന പദ്ധതി നടപ്പിലാക്കി.

പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ സാങ്കേതിക വിദ്യ പകർന്നു നൽകുന്നതിന് കൊല്ലത്ത് ഉമയനല്ലൂരിൽ ഒരു മോഡേൺ മെക്കനൈസ്ഡ് കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ ഫോർ ഹാന്റിക്രാഫ്റ്റ്സ് തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. ഒരു കോടി രൂപയാണ് മുതൽ മുടക്ക്.

കോഴിക്കോട് നടുവണ്ണൂരിൽ വ്യവസായ വകുപ്പിന്റെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രൊഡക്ഷൻ കം കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ- കാർപെന്ററിക്കും, ബ്ലാക്ക്സ്മിത്തിക്കും 48.15 ലക്ഷം രൂപയും റോ മെറ്റീരിയൽ ഡിപ്പോയ്ക്ക് 25 ലക്ഷം രൂപയും മുതൽ മുടക്കി ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള:**

നവീമുംബേയിൽ കേരള ഹൗസിലും തിരുവനന്തപുരം ഇന്റർനാഷണൽ എയർ പോർട്ടിലും പുതിയ ഷോറൂമുകൾ തുടങ്ങി. കോഴിക്കോട്ടും, കൊല്ലത്തും, തിരുവല്ലയിലും പ്രവർത്തിക്കുന്ന വിൽപനശാലകൾ കൂടുതൽ വ്യാപാര സാധ്യതയുള്ള സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ 17.5 ലക്ഷം രൂപ അനുവദിച്ചു. ഊട്ടി കൈരളി ഷോറൂം മോടി പിടിപ്പിച്ചു. കരകൗശല ഉല്പാദന പ്രക്രിയയിൽ തനതായ പാരമ്പര്യം നിലനിർത്തി പുതിയ സാങ്കേതികവിദ്യ പകരുന്നതിന്റെ ഭാഗമായി ആധുനിക 3 ഡി പെന്റോ ഗ്രാഫ് വുഡ് വർക്കിംഗ് മെഷീൻ സ്ഥാപിക്കാനായി 25.20 ലക്ഷം രൂപ അനുവദിച്ചു. തിരുവനന്തപുരത്തെ എസ്സ്.എം.എസ്സ്.എം. ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീക രണത്തിന് 150 ലക്ഷം രൂപയും

അട്ടക്കുളങ്ങരയിൽ പുതിയ വില്പനശാല ആരംഭിക്കാൻ 25 ലക്ഷം രൂപയും അനുവദിച്ചു. കുറഞ്ഞ പലിശ നിരക്കിൽ കരകൗശല ശില്പികൾക്ക് NBCFDC യുടെ ലോൺ പദ്ധതിയിൻ കീഴിൽ വായ്പ ലഭ്യമാക്കാൻ കഴിഞ്ഞു. 2001-06 കാലഘട്ടത്തിൽ കരകൗശല ശില്പികൾക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക കൊടുത്തു തീർത്തു. കരകൗശല രംഗത്ത് 2 കോടി രൂപയുടെ റാ മെറ്റീരിയൽ ബാങ്ക് പദ്ധതി നടപ്പിലാക്കി. 2010-11 സാമ്പത്തിക വർഷത്തിൽ 1000 കരകൗശല തൊഴിലാളികളെ ഇൻഷ്വറൻസ് പദ്ധതിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിച്ചു. നഷ്ടത്തിലായിരുന്ന കോർപ്പറേഷൻ കഴിഞ്ഞ നാലു വർഷങ്ങളിലും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. വില്പനയുടെ കാര്യത്തിൽ സർവ്വകാല റെക്കോർഡ് കൈവരിക്കാൻ കഴിഞ്ഞു.

**ബാംബൂ കോർപ്പറേഷൻ:**

പരമ്പരാഗത വ്യവസായ സ്ഥാപനമായ ബാംബൂ കോർപ്പറേഷന്റെ കീഴിൽ വിവിധ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് തൊഴിലാളികളെ സംഘടിപ്പിച്ച് നിലവിൽ 11 യന്ത്രവൽക്കൃത കമ്മ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററുകൾ ആരംഭിച്ചു. 19 CMWC-കൾ ആരംഭിച്ചു. ഇതു മൂലം 1500-ഓളം പേർക്ക് നേരിട്ടും നിവരധിപേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാകുമെന്ന് കണക്കാക്കുന്നു.

മാത്രമല്ല മുള ഉപയോഗിച്ച് ഫ്ലാറ്റന്റ് ബാംബൂ ബോർഡ് നിർമ്മാണം ആരംഭിക്കുകയും ഇതിന്റെ സുഗമമായ ഉല്പാദനത്തിന് 4 ഫീഡർ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു.

കൂടാതെ കോഴിക്കോട് ജില്ലയിൽ നല്ലളത്ത് ചൈനീസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒരു ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറി താമസിയാതെ ഉത്ഘാടനം നടത്തുവാൻ തീരുമാനിച്ചു.

**കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ:**

1. കശുവണ്ടിവികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകുവാൻ കഴിഞ്ഞു. 2009-10 സാമ്പത്തിക വർഷം 284 ദിവസത്തെയും 2010-11 സാമ്പത്തിക വർഷം 242 ദിവസത്തേയും തുടർച്ചയായി ജോലി നൽകി വരുന്നു. 1998 മുതൽ 2006 വരെ പിരിഞ്ഞുപോയ തൊഴിലാളികൾക്കുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകി.

2. കോർപ്പറേഷന്റെ ഫാക്ടറികൾ അന്താരാഷ്ട്ര നിലവാരത്തിലുള്ളതായി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫാക്ടറികളിൽ പുതുതായി ഷെഡുകൾ നിർമ്മിക്കുകയും 2 ഫാക്ടറികൾ ISO നിലവാരത്തിലുള്ളതായി മാറ്റുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളും നടത്തി വരുന്നു.

3. നിലവിലുണ്ടായിരുന്ന തട്ട് ബോർമ്മകൾക്ക് പകരമായി ഇലക്ട്രിക്ബോർമ്മ, ഹോട്ട് എയർബോർമ്മ എന്നിവകൾ കോർപ്പറേഷൻ ഫാക്ടറികളിൽ സ്ഥാപിച്ചുവരുന്നു.

4.നിലവിലുണ്ടായിരുന്ന ടിൻഫില്ലിംഗിന് പകരമായി കോർപ്പറേഷന്റെ ഫില്ലിംഗ് സെന്ററുകളിൽ ' ഫ്ളെക്സിപാക്കിംഗ് സിസ്റ്റം ' നടപ്പിലാക്കിയിട്ടുള്ളതാണ്. വിദേശ വിപണിയിൽ ' ഫ്ലക്സി പാക്കിംഗ് ' പരിപ്പിനാണ് മാർക്കറ്റുള്ളത്.

CFTRI യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരിപ്പിൽ നിന്നും കാഷ്യു സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യുവിറ്റ, കാഷ്യുബിറ്റ്സ്, എന്നീ 4 മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ കശുവണ്ടി വികസന കോർപ്പറേഷൻ വിപണിയിൽ ഇറക്കിയിട്ടുണ്ട്.

കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ ആധുനിക രീതിയിൽ നവീകരിച്ച് ഉല്പന്നങ്ങളുടെ ക്വാളിറ്റി മെച്ചപ്പെടുത്തി കയറ്റുമതി പ്രോൽസാഹിക്കുന്നതിനും ഫാക്ടറികൾ ഫുൾ കപ്പാസിറ്റിയിൽ വർക്ക് ചെയ്യുന്നതിനും 7500 ഓളം തൊഴിലാളികളെ പുതുതായി നിയമിച്ചിട്ടുണ്ട്.

ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പുതിയ സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിന് പ്രോസസിംഗ് ജീവനക്കാർക്ക് പ്രത്യേക പരിശീന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

കശുമാവ് കൃഷി വികസിപ്പിച്ച് തോട്ടണ്ടിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് കശുവണ്ടി വികസന കോർപ്പറേഷൻ അത്യുൽപാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് തൈകൾ കോർപ്പറേഷന്റെ നെഴ്സറികളിൽ ഉണ്ടാക്കി കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിപണനം നടത്തിവരുന്നുണ്ട്. കശുമാവ് കൃഷിയുടെ പ്രോത്സാഹനത്തിനു വേണ്ടി രൂപീകരിച്ച കേരളാ സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ എന്ന ഏജൻസി മുഖേന 19.55 ലക്ഷം കശുമാവിൻ തൈകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങളുടെ 245 ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി നടത്തി.

കശുമാങ്ങയിൽ നിന്നും ബയോഡീസൽ ഉല്പാദിക്കുന്നതിനുള്ള ഗവേഷണവും കശുവണ്ടി വികസന കോർപ്പറേഷൻ നടത്തിവരികയാണ്.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി കോർപ്പറേഷനിൽ ഒരു റിസർച്ച് ആന്റ് ഡവലപ്പമെന്റ് സെന്റർ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

കശുവണ്ടി വികസന കോർപ്പറേഷൻ അമുൽ, എസ്.റ്റി.സി. എന്നീസ്ഥാപനങ്ങളുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രൊഫഷണൽ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.
കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് 'CDC CASHEWS ' എന്ന ബ്രാൻഡ് നെയിമിൽ കശുവണ്ടി പരിപ്പും, മൂല്യവർദ്ധിത ഉല്പന്നങ്ങളും ഉല്പാദിപ്പിച്ച് വില്പന വിപുലീകരിക്കുന്നതിലേയ്ക്ക് ഫ്രാഞ്ചൈസികളും ഔട്ട്ലെറ്റുകളും ജില്ലാടിസ്ഥാനത്തിൽ ഡിസ്ട്രിബ്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ്, എന്നിവയുടെ ഔട്ട്ലെറ്റുകൾ, കെ.റ്റി.ഡി.സി-യുടെ തെരഞ്ഞെടുത്ത പാർലറുകൾ റിലയൻസ്, ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ പമ്പുകൾ തുടങ്ങിയവ വഴി സംസ്ഥാനത്തിനകത്തും പുറത്തും ആഭ്യന്തര വിപണി മെച്ചപ്പെടുത്തി. എം.കെ. ഗ്രൂപ്പുമായി ചേർന്ന് കശുവണ്ടി പരിപ്പും മൂല്യ വർദ്ധിത ഉല്പന്നങ്ങളും വിറ്റഴിക്കുന്നതിനുള്ള ശ്രമങ്ങൾ

നടന്നു വരികയാണ്. കൂടാതെ റഷ്യ ചൈന എന്നീ രാജ്യങ്ങളിലേയ്ക്കും കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉല്പന്നങ്ങളും കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

**കാപെക്സ്:-**

കാപെക്സിന്റെ 10 ഫാക്ടറികൾ പൂർണ്ണമായും നവീകരിച്ച് തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നൽകി. 1998 മുതൽ 2006 വരെ പിരിഞ്ഞ തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്തു. കഴിഞ്ഞ വർഷം 260 തൊഴിൽ ദിനങ്ങൾ നൽകുവാൻ സാധിച്ചു.

**ബീഡി**

ബീഡി വ്യവസായ രംഗത്ത് ദിനേശ് ബീഡി സഹകരണ സംഘത്തിൽ പ്രവർത്തിക്കുന്നവർക്ക് ഉല്പന്ന വൈവിധ്യ വൽക്കരണം നടത്തി തൊഴിലവസരം സൃഷ്ടിക്കുവാനായി 2006-07 -ൽ 4 കോടി രൂപയും 2007-08-ൽ 50 ലക്ഷം രൂപയും 2008-09-ൽ 30 ലക്ഷം രൂപയും 2009-10-ൽ 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

**കയർ വികസന വകുപ്പ്:**

505 കയർ സഹകരണസംഘങ്ങൾക്ക് സ്ഥിരം/പ്രവർത്തന മൂലധനമായി 2382.69 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ 565 സംഘങ്ങളുടെ 31/3/2006 വരെയുള്ള സർക്കാർ വായ്പയും പലിശയും (2255.19 ലക്ഷം രൂപ )ഓഹരിയാക്കി മാറ്റി. എൻ.സി.ഡി.സി. വായ്പ ഓഹരിയാക്കി മാറ്റി പലിശയും പിഴപ്പലിശയും എഴുതിത്തള്ളി.

ഈ മേഖലയുടെ സമഗ്ര പുരോഗതിയ്ക്കായി പഠനം നടത്തുന്നതിന് കയർ കമ്മീഷൻ രൂപീകരിക്കുകയും കമ്മീഷന്റെ പഠന റിപ്പോർട്ട് അംഗീകരിച്ച് പ്രധാന ശുപാർശകൾ 2009-10 മുതൽ നടപ്പിലാക്കി വരികയും ചെയ്യുന്നു.

സംഘം തൊഴിലാളികൾക്ക് നൽകേണ്ട ത്രിഫ്റ്റ്, ഷെയർ, ഗ്രാറ്റുവിറ്റി എന്നീ ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുത്ത് ഇതിനായി 2009-10, 2010-11 വർഷങ്ങളിലായി ഏകദേശം 1.40 ലക്ഷം പേർക്കായി 969.41 ലക്ഷം രൂപ അനുവദിച്ചു.

| | | | |
|---|---|---|---|
| | | | കാടാശ്വാസ പദ്ധതി പ്രകാരം ചെറുകിട ഉല്പാദകർക്കും സഹകരണ സംഘങ്ങൾ ക്കുമായി 2009-10, 2010-11 വർഷങ്ങളിലായി 218 ലക്ഷം രൂപ അനുവദിച്ചു.<br>കേരള കയർ ലോഗോയ്ക്ക് ട്രെയിഡ് മാർക്ക് അംഗീകാരം ലഭ്യമാക്കുകയും കയർ/കയർ ഉല്പന്നങ്ങളുടെ വിപണനത്തിനായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിച്ച് വരികയും ചെയ്യുന്നു.<br>കയർ ഫെഡിന്റെയും കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉല്പന്നങ്ങൾ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിലൂടെ വിറ്റഴിക്കുന്ന പദ്ധതി നടപ്പിലാക്കി. |
| ബി) | കൈത്തറി മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) | 2006-07 വർഷത്തിൽ 1591.59 ലക്ഷം രൂപയുടെയും 2007-08 വർഷത്തിൽ 2747.91 ലക്ഷം രൂപയുടെയും 2008-09 വർഷത്തിൽ 6035.89 ലക്ഷം രൂപയുടെയും 2009-10 വർഷത്തിൽ 5608.7 ലക്ഷം രൂപയുടെയും ക്ഷേമ പദ്ധതികൾ നടപ്പിലാക്കി. ഫാക്ടറി ഇതര കൈത്തറി സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി. ഫാക്ടറി കെട്ടിടങ്ങൾ നവീകരിക്കുയും തറികൾ പ്രവർത്തന ക്ഷമമാക്കുകയും ചെയ്തു.<br>തൊഴിലാളികളുടെ പി.എഫ്., ഇ.എസ്.ഐ. കുടിശ്ശികകൾ അടച്ചു തീർത്തു.<br>യാൺ ബാങ്കുകൾ മുഖാന്തിരം നെയ്ത്തുകാർക്ക് കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള നൂൽ, ചായങ്ങൾ എന്നിവയും ഇവയ്ക്ക് കുറഞ്ഞ പലിശ നിരക്കിൽ ഉദാര വ്യവസ്ഥയിൽ പ്രവർത്തന വായ്പയും നൽകി.<br>കണ്ണൂർ ആലപ്പുഴ മില്ലുകളിൽ സംഘങ്ങൾക്ക് ആവശ്യമുള്ള ഹാങ്ക് യാൺ ഉല്പാദനം 2008-09, 2009-10 വർഷങ്ങളിൽ ആരംഭിച്ചു. 2010-11 തൃശൂർ സഹകരണ മില്ലിലും ഹാങ്ക് യാൺ ഉല്പാദനം ആരംഭിക്കുന്നതിനായി 200 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി.<br>കൈത്തറി ഉല്പന്നങ്ങളുടെ പ്രാദേശിക ബ്രാന്റ് വികസിപ്പിക്കുന്നതിനും ഹാന്റെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളുടെ വിപണി വർദ്ധിപ്പി ക്കുന്നതിനും 2010-11-ൽ 20 ലക്ഷം രൂപ വകയിരുത്തി. കൈത്തറി സംഘങ്ങൾക്ക് കൈത്തറി മാർക്ക് സ്കീമിൽ അംഗത്വം നൽകുന്നതിനു വേണ്ടിയും കൈത്തറി ലേബലുകൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. |

പ്രാദേശിക ഉല്പന്നങ്ങളായ കാസർഗോഡ് സാരി, ബാലരാമപുരം സാരി, ചേന്നമംഗലം മുണ്ട്, കൂത്താമ്പുള്ളി സാരി, കണ്ണൂർ ഫർണിഷിംഗ് എന്നിവ രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ ടെക്സ്റ്റൈൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ബാല രാമപുരം സാരിയുടെ അംഗികാരം ലഭിക്കുകയും ചെയ്തു.

കൂടാതെ നെയ്ത്ത് സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും ഉല്പന്ന വൈവിധ്യവൽക്കരണത്തിനും വേണ്ടി നടപ്പാക്കുന്ന പരിശലനവും വൈദഗ്ധ്യ വികസന പരിപാടിയും എന്ന പദ്ധതിയ്ക്കായി 2006-07-ൽ 40 ലക്ഷം രൂപയും , 2008-09-ൽ 79.24 ലക്ഷം രൂപയും, 2009-10-ൽ 125 ലക്ഷം രൂപയും 2010-11-ൽ 93.45 ലക്ഷം രൂപയും ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

സി) ഈറ്റ-പനമ്പ് മേഖലയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

സി) ഈറ്റ-പനമ്പ് മേഖലയുടെ വികസനം ലക്ഷ്യം വച്ചുകൊണ്ട് രൂപീകരിക്കപ്പെട്ടിട്ടുള്ള ബാംബൂ കോർപ്പറേഷൻ പനമ്പു നെയ്ത്തു മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കി. ഇതിനായി ഇപ്പോൾ 11 യന്ത്രവൽകൃത CMWC (Community Mat Weaving Centre) നിലവിലുണ്ട്. പുതുതായി 19 CMWC കൂടി ഉടൻ ആരംഭിക്കും. ഇതുമൂലം തൊഴിലാളി കളുടെ അദ്ധ്വാനഭാരം ലഘൂകരി ക്കുന്നതിനും, ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞി ട്ടുണ്ട്. മുള ഉപയോഗിച്ച് നിർമ്മിക്കുന്ന ഫ്ലാറ്റൻഡ് ബാംബൂ ബോർഡിന്റെ നിർമ്മാണം 24/01/2008-ൽ ആരംഭിച്ച് വിപണനം നടത്തുന്നുണ്ട്. ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട വിവിധ ജില്ലകളിൽ ഫ്ലാറ്റൻഡ് ബോർഡിന്റെ നിർമ്മാണത്തിനുവേണ്ട അസംസ്കൃത സാധനങ്ങൾ തയ്യാറാക്കുന്നതിനു വേണ്ടി പാലക്കാട്, കാടാമ്പുഴ, മാനന്തവാടി, നാദാപുരം എന്നിവിടങ്ങളിലായി 4 ഫീഡർ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ ചൈനീസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് 12 കോടി രൂപയുടെ മുതൽ മുടക്ക് വരുന്ന ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറിയുടെ നിർമ്മാണം പൂർത്തീകരിച്ച് ഉടൻ ഉത്ഘാടനം നടത്തുന്നതാണ്. ഈ നവീകരണ പദ്ധതികൾ ഈറ്റ-പനമ്പ് മേഖലയിൽ ഒട്ടേറെ പേർക്ക്

തൊഴിലവസരങ്ങൾ നൽകുന്നതാണ്.

കോർപ്പറേഷൻ ഈറ്റ-പനമ്പ് മേഖലയിലെ അംഗീകൃത തൊഴിലാളികൾക്ക് ഒട്ടേറെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 11.12.2006 മുതൽ ഈറ്റ വെട്ട്/പനമ്പു നെയ്ത്തു തൊഴിലാളികൾക്ക് യഥാക്രമം 15%-വും 10%-വും വീതവും, 01/08/2010 മുതൽ 15% വീതവും കൂലിയിൽ വർദ്ധനവ് നൽകി. 01/10/2007 മുതൽ ഈറ്റ വെട്ട്/ലോഡിംഗ്/ഇതര തൊഴിലാളികൾക്ക് പി.എഫ്. നടപ്പിലാക്കി. കഴിഞ്ഞ കുറെ വർഷങ്ങളായി ഈറ്റ വെട്ട്/പനമ്പു നെയ്ത്ത് /ഇതര തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകിവരുന്നു. 2009-10-ൽ വർഷങ്ങളായി നിലവിലിരുന്ന ഇൻസെന്റീവ് 15% മാക്കി വർദ്ധിപ്പിച്ചു. ഈറ്റ വെട്ട് തൊഴിലാളികൾക്കും പനമ്പു നെയ്ത്തു തൊഴിലാളികൾക്കും പെൻഷൻ പദ്ധതി നടപ്പിലാക്കി. കൂടാതെ ഈ വിഭാഗം തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും നൽകി.

ഡി) ഖാദിമേഖലയുടെ വൈവിധ്യവൽക്കരണത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചുവെന്ന് വ്യക്തമാക്കുമോ;

ഡി) ഖാദിമേഖലയുടെ വൈവിധ്യവൽക്കരണത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു:

1. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റ് അനുവദിച്ചു. റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തു. 2006-07 വർഷം 430 ലക്ഷം രൂപയും 2007-08 വർഷം 404.75 ലക്ഷം രൂപയും 2008-09 വർഷം 500 ലക്ഷം രൂപയും 2009-10 വർഷം 550 ലക്ഷം രൂപയും റിബേറ്റിനത്തിൽ വകയിരുത്തി. 2010-11 വർഷം 550 ലക്ഷം രൂപ ആദ്യം വകയിരുത്തുകയും പിന്നീട് ഖാദി കമ്മീഷൻ റിബേറ്റ് നിർത്തിയ സാഹചര്യത്തിൽ നിലവിലുള്ള 10% റിബേറ്റിന് പുറമേ അധികമായി 10% റിബേറ്റ് കൂടി അനുവദിക്കുകയും (ആകെ 20%) ഈ അധിക റിബേറ്റിനു വേണ്ടി 525 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

2. ഖാദി തൊഴിലാളികളുടെ വേതനം 2007 മുതൽ 25% വും 2009 മുതൽ 50% വും വർദ്ധിപ്പിച്ചു. മിനിമം വേതനം നടപ്പിലാക്കി. ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന

ഉൽപ്പാദന ഇൻസെന്റീവ് നൂൽപ്പിന് 2007 മുതൽ 10 പൈസയിൽ നിന്ന് 20 പൈസയായും 2009 മുതൽ 20 പൈസയിൽ നിന്ന് 30 പൈസയായും നെയ്ത്തിന് യഥാക്രമം 40 പൈസയിൽ നിന്ന് 55 പൈസയായും 55 പൈസയിൽ നിന്ന് 90 പൈസയായും വർദ്ധിപ്പിച്ചു. മുടക്കം കൂടാതെ ഖാദി തൊഴിലാളികൾക്ക് പഞ്ഞിയും നൂലും യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ഏറ്റു ക്കുടുക്ക സ്ലൈവർ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി.

3. ഖാദി തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതമായ രണ്ട് കോടി രൂപ നൽകി.

4. സംസ്ഥാനത്തെ മുഴുവൻ ഖാദി തൊഴിലാളി കൾക്കും 250 രൂപ വീതം ഓണക്കാലത്ത് ഇതാദ്യമായി ഉത്സവബത്ത നൽകി. പിന്നീട് വർദ്ധിപ്പിച്ച് 300 രൂപയും വീണ്ടും വർദ്ധിപ്പിച്ച് 350 രൂപയും ആക്കി. ഇപ്പോൾ ഒരു വർദ്ധനവും കൂടി നൽകി ഇത് 500 രൂപയാക്കി.

5. ഖാദി സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും 2008-09 വർഷം 20 ലക്ഷം രൂപയും 2009-2010 വർഷം 20 ലക്ഷം രൂപയും അനുവദിച്ചു. ഇതിലൂടെ 19 ഖാദി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഇതിലേയ്ക്കായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണത്തിന് ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും 2008-09 വർഷം 25 ലക്ഷം രൂപയും 2009-2010 വർഷം 20 ലക്ഷം രൂപയും വകയിരുത്തി. ഇതുമൂലം 24 ഖാദി സ്ഥാപനങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞി ട്ടുണ്ട്. 2010-11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7. ഖാദി കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം, കൊല്ലം ജില്ലകൾക്ക് പ്രത്യേകം ഖാദി ക്ലസ്റ്റർ നടപ്പിലാക്കി. അതുപോലെ കണ്ണൂർ കാസർഗോഡ് ജില്ലകൾക്കായി അധിക കേന്ദ്ര സഹായ ഫണ്ട് (ACA) രണ്ട് കോടി രൂപ ഉപയോഗിച്ച് പയ്യന്നൂർ ഖാദി ക്ലസ്റ്റർ ആരംഭിച്ചു.

8. ഖാദി കൈത്തൊഴിൽകാർക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിന് 2009-10 വർഷം 20 ലക്ഷം രൂപ വകയിരുത്തി. നിലത്തിരുന്ന് ചർക്ക പ്രവർത്തിക്കുന്ന സ്ഥാനത്ത് തൊഴിലാളികൾക്ക് മേശയും സ്റ്റൂളും ഏർപ്പെടുത്തി. ഇതിലൂടെ 2009-10 വർഷം 400 ഖാദി കൈത്തൊഴിൽകാർക്ക് മേശയും സ്റ്റൂളും നൽകി. 2010-11 വർഷം ഇക്കാര്യത്തിലേയ്ക്ക് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9. ഖാദി വിൽപ്പനകേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടവത്ക്കരിക്കുന്നതിനായി 2007-08 വർഷം 20 ലക്ഷം രൂപയും 2008-09 വർഷം 50 ലക്ഷം രൂപയും 2009-2010 വർഷം 50 ലക്ഷം രൂപയും അനുവദിച്ചു. പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഇക്കാര്യത്തിലേയ്ക്ക് 68 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

10. ഖാദി വില്പന ലക്ഷ്യമാക്കി എറണാകുളം ജില്ലയിൽ നെടുമ്പാശ്ശേരി എയർപോർട്ടിൽ ഖാദി സൗഭാഗ്യ സ്ഥാപിക്കുന്നതിനായി 2010-11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

11. സർക്കാർ ജീവനക്കാർ ആഴ്ചയിൽ രണ്ട് ദിവസം ഖാദി/കൈത്തറി ധരിക്കണമെന്നും വിദ്യാർത്ഥികൾ സ്കൂൾ യൂണിഫോമുകൾ ഖാദി/കൈത്തറിയാക്കണമെന്നുമുള്ള സർക്കാർ അഭ്യർത്ഥനയുടെ ഫലമായി ഖാദി വിൽപ്പനയിൽ 20% വർദ്ധനവുണ്ടായി. ഇതുവഴി ഖാദി മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും പുത്തൻ ഉണർവ് നൽകുകയും ചെയ്തിട്ടുണ്ട്.

12. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്. ഇത് പരമ്പരാഗത ഖാദി നെയ്ത്തു തൊഴിലാളികളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമാണ്.

13. പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു.

14. തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.
15. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ല തരം Rovings/sliver വിതരണം ചെയ്യുന്നുണ്ട്.
16. പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വേണ്ടി സിൽക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2009-10 വർഷം 105.75 ലക്ഷം രൂപ അനുവദിച്ചു.

| | | | |
|---|---|---|---|
| ഇ) | ബീഡി തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഇ) | കേരള ദിനേശ് ബീഡിയുടെ സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലും അനുബന്ധ പ്രൈമറി സംഘങ്ങളിലും തൊഴിൽ ചെയ്ത് വരുന്ന തൊഴിലാളികൾക്ക് 45 വയസ് പൂർത്തിയാകുമ്പോൾ ജോലിയിൽ നിന്ന് പിരിഞ്ഞുപോകുന്നതിന് അനുവാദം നൽകുകയും അവർക്ക് 45 വയസ്സുമുതൽ 55 വയസ്സ് പൂർത്തിയാകുന്നതുവരെ പ്രതിമാസം 500/- രൂപ നിരക്കിൽ പ്രത്യേക പെൻഷൻ നൽകുന്നതിന് പദ്ധതി നടപ്പിലാക്കി. ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 5 കോടി രൂപ നൽകി. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനേഴാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 268    22.2.2011ൽ മറുപടിക്ക്

## കൈത്തറി വായ്പ എഴുതി തള്ളാൻ പ്രത്യേക പാക്കേജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. ശക്തൻ:<br>ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. എ.പി. അനിൽകുമാർ :<br>ശ്രീ. എ.എ. ഷുക്കൂർ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ കൈത്തറി വായ്പ എഴുതി തള്ളാൻ ആവശ്യമായ പ്രത്യേക പാക്കേജിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ; | എ) രാജ്യത്തെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടേയും അപ്പക്സ് സംഘങ്ങളുടേയും ബാങ്കിലെ കടബാധ്യതകൾ തീർക്കുന്നതിനായി കേന്ദ്ര സർക്കാർ ഒരു ഫിനാൻഷ്യൽ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഒരു പ്രൊപ്പോസൽ സംസ്ഥാന സർക്കാർ നബാർഡിനു സമർപ്പിച്ചിട്ടുണ്ട്. |
| ബി) ഇത്തരം ഒരു പാക്കേജ് നടപ്പാക്കണെമെന്ന ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) എത്ര കോടി രൂപയുടെ കൈത്തറി വായ്പ എഴുതി തള്ളണമെന്ന ആവശ്യമാണ് പരിഗണനയിലുള്ളത് ; | സി) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ 361.15 കോടി രൂപയുടേയും അപ്പക്സ് സംഘത്തിന്റെ 222.14 കോടി രൂപയുടേയും |

കടബാധ്യതകൾ (31.3.2007 വരെ) എഴുതിത്തള്ളുന്നതിനുള്ള പ്രൊപ്പോസലാണ് സംസ്ഥാന സർക്കാർ നബാർഡിനു സമർപ്പിച്ചിട്ടുള്ളത്.

ഡി) പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഡി) ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 269 — 22.02.2011-ൽ മറുപടിയ്ക്ക്

### വനമേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കാൻ നടപടി

**ചോദ്യം**

ശ്രീ. രാജു എബ്രഹാം
ശ്രീ. സാജു പോൾ
ശ്രീ. കെ.സി.കുഞ്ഞിരാമൻ
ശ്രീ. ജോർജ് എം. തോമസ്

**ഉത്തരം**

ശ്രീ. ബിനോയ് വിശ്വം
(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

എ. വനമേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ടവേതനം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

എ. സർക്കാർ ഉത്തരവ് നമ്പർ 81/2010/വനം വന്യജീവി വകുപ്പ് തീയതി : 27.11.2010 പ്രകാരം വനത്തിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ വേതനം താൽക്കാലികമായി നിശ്ചയിച്ചിട്ടുണ്ട്. പഴയ വേതനവും പുതുക്കിയ വേതനവും താഴെ കൊടുക്കുന്നു.

| Category of Works | Ordinary area (in.Rs) | Difficult area (in. Rs.) | Very Difficult area (in. Rs) |
|---|---|---|---|
| **പഴയവേതനം** | | | |
| Unskilled | 146 | 154 | 162 |
| Semi Skilled | 151 | 162 | 174 |
| Skilled | 167 | 181 | 193 |
| Highly Skilled | 181 | 197 | 214 |
| **പുതുക്കിയ വേതനം** | | | |
| Unskilled | 200 | 208 | 216 |
| Semi Skilled | 205 | 216 | 228 |
| Skilled | 221 | 235 | 247 |
| Highly Skilled | 235 | 251 | 268 |

ബി. ഈ സർക്കാർ വന്നശേഷം എത്ര പ്രാവശ്യം കൂലി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്;

ബി. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രണ്ട് പ്രാവശ്യം കൂലി വർദ്ധിപ്പിച്ചിട്ടുണ്ട്.

സി. വനമേഖലയിലെ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിന് വനം വകുപ്പ് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

എങ്കിൽ വിശദാംശം നൽകുമോ;

സി. വനപ്രദേശങ്ങളിൽ വന വികസനം, സംരക്ഷണം, തടിശേഖരണം എന്നീ ജോലികൾക്ക് വേണ്ടത്ര തദ്ദേശീയ തൊഴിലാളികളെ ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കായികമായ കഠിനാദ്ധ്വാനം ചെയ്യുന്നതിന് തൊഴിലാളികൾക്കുള്ള വിമുഖത വനപ്രദേശങ്ങളിൽ ജോലി ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകൾ, എത്തിച്ചേരുന്നതിനുള്ള അസൗകര്യം, വനമേഖലകളിൽ താമസിക്കുന്നതിനുള്ള

ബുദ്ധിമുട്ടുകൾ എന്നിവ തൊഴിലാളികളുടെ ദൗർലഭ്യത്തിനു കാരണമാകുന്നു. ആകയാൽ വനാശ്രിത സമൂഹത്തെ പരമാവധി പ്രയോജനപ്പെടുത്താൻ വന സംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി തൊഴിലാളികളെ കണ്ടെത്തിയും വനങ്ങളിലെ ജോലികൾ ചെയ്തുവരുന്നുണ്ട്. വനമേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യത്തിന് ഒരു ദീർഘകാല പരിഹാരമെന്ന നിലയിൽ വനമേഖലയിലെ ജോലികൾ യന്ത്രവല്ക്കരിക്കുന്ന നടപടികളിലേയ്ക്ക് വനം വകുപ്പ് തിരിയേണ്ടിവരുമെന്ന ചിന്തയും ഉരുത്തിരിഞ്ഞുവരുന്നുണ്ട്.

| | | | |
|---|---|---|---|
| ഡി. | വന സംരക്ഷണ പ്രവർത്തനങ്ങളിൽ വനശ്രിത സമൂഹത്തെ പരമാവധി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | ഡി. | വനസരംക്ഷണ പ്രവർത്തനങ്ങളിൽ വനാശ്രിത സമൂഹത്തെ പരമാവധി പ്രയോജനപ്പെടുത്താൻ വനസംരക്ഷണസമിതി, ഇക്കോഡെവലപ്മെന്റ് കമ്മറ്റികൾ എന്നിവ വഴി നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഫയർ വാച്ചർ, പ്രൊട്ടക്ഷൻ വാച്ചർ, ഗൈഡുകൾ എന്നിവരെയെല്ലാം വനാശ്രിത സമൂഹത്തിൽ നിന്നുമാണ് തെരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 270 — 22.02.2011- ൽ മറുപടിയ്ക്ക്

## സുനാമി പുനരധിവാസ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം. ആരിഫ്<br>ശ്രീ. പി.വിശ്വൻ<br>ശ്രീ. എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ. എ.പ്രദീപ് കുമാർ<br>.... | ശ്രീ. കെ.പി. രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പ് മന്ത്രി)<br>.... |

(എ) സുനാമി പുനരധിവാസ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) സുനാമി ബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി റവന്യൂ വകുപ്പിനു കീഴിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി പ്രോജക്ട് ഡയറക്ടറായി ടി.ആർ.പി.സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സുനാമി പുനരധിവാസ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല മോണിറ്ററിങ്ങ് കമ്മറ്റിയും, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാനതല എംപവേർഡ് കമ്മറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് മന്ത്രിമാർ ഉൾപ്പെട്ട മന്ത്രിസഭാ ഉപസമിതി എല്ലാ ആഴ്ചയിലും പദ്ധതി പുരോഗതി വിലയിരുത്തുന്നു. ഇതിനെല്ലാം പുറമേ പദ്ധതി നിർവ്വഹണ യൂണിറ്റുകളെ വിളിച്ചു ചേർത്തുകൊണ്ടുള്ള അവലോകന യോഗവും കൃത്യമായ ഇടവേളയിൽ നടക്കുന്നുണ്ട്. ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ വിലയിരുത്തുന്നതിനായി ഒരു തേർഡ് പാർട്ടി ക്വാളിറ്റി ആഡിറ്റും നടപ്പിലാക്കിയിട്ടുണ്ട്. ഈവിധം പ്രവർത്തനങ്ങളിലൂടെ സുനാമി പുനരധിവാസ പദ്ധതികൾ 2011 മാർച്ച് മാസത്തിൽ പൂർത്തിയാക്കാൻ കഴിയും.

(ബി) ഇതിനകം പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിയിലും ചെലവാക്കിയ തുക വ്യക്തമാക്കുമോ;

(ബി) പദ്ധതി നിർവ്വഹണ യൂണിറ്റുകൾ ഏറ്റെടുത്ത് പൂർത്തിയാക്കിയ പ്രവൃത്തികളുടെ എണ്ണവും ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഭവന നിർമ്മാണ പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്;

(സി) ഭവന നിർമ്മാണ പദ്ധതി പ്രകാരം 4712 വീടുകൾ പൂർത്തിയായി. കോടതി കേസുള്ള 174 വീടുകൾ ഒഴികെ 4307 വീടുകൾ നിർമ്മാണത്തിന്റെ അവസാന ഘട്ടങ്ങളിലാണ്. ഇതിനുപുറമെ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 2446 വീടുകളുടെ പണിയും പൂർത്തിയായിവരുന്നു.

(.........2.......)

| | | | |
|---|---|---|---|
| (ഡി) | ആറാട്ടുപ്പുഴ, ആലപ്പാട് തുടങ്ങിയ പ്രദേശങ്ങളിൽ ആവിഷ്ക്കരിച്ച പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ഡി) | ആറാട്ടുപ്പുഴ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന പ്രവർത്തികളുടെ മേൽനോട്ടം ആറാട്ടുപ്പുഴ ഗ്രാമ പഞ്ചായത്തിനെയാണ് ഏല്പിച്ചിട്ടുള്ളത്. ടി പ്രവൃത്തികൾ സമയ ബന്ധിതമായി നടപ്പാക്കുന്നതിന് സഹായകരമായ രീതിയിലുള്ള നിർദ്ദേശങ്ങളും സഹായങ്ങളും ജില്ലാ ഭരണകൂടം നൽകിവരുന്നുണ്ട്. സുനാമി സ്പെഷ്യൽ ഓഫീസറുടെ സേവനവും പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നുണ്ട്.<br><br>ആലപ്പാട് സ്പെഷ്യൽ പാക്കേജ് പദ്ധതികൾ വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ പ്രത്യേകം യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗങ്ങളിലും പദ്ധതി പുരോഗതിക്ക് ആവശ്യമായ കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ട്. ആലപ്പാട് സ്പെഷ്യൽ പാക്കേജ് പദ്ധതിയിൽ അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ടി പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | സുനാമി പുനരധിവാസ പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കേണ്ടത്; ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ ? | (ഇ) | സുനാമി പുനരധിവാസ പദ്ധതി പ്രകാരം 1148 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കേണ്ടത്; ഇതിൽ 1038.89 കോടി രൂപ ഇതിനകം ചെലവഴിച്ചു കഴിഞ്ഞു. അവശേഷിക്കുന്ന തുക 2011 മാർച്ച് 31-നു മുമ്പായി ചെലവഴിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ.

## അനുബന്ധം - 1

| പദ്ധതിനിർവ്വഹണ യൂണിറ്റുകൾ | ചെലവഴിച്ച തുക (കോടി) | പൂർത്തിയാക്കിയ പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| ഫിഷറീസ് വകുപ്പ് | 18.54 | 20 |
| ആരോഗ്യ വകുപ്പ് | 71.26 | 105 |
| മൃഗസംരക്ഷണ വകുപ്പ് | 5.5 | 8 |
| ക്ഷീര വികസന വകുപ്പ് | 4.97 | 9 |
| കൃഷി വകുപ്പ് | 7.58 | 25 |
| വനം വകുപ്പ് | 3.50 | 3 |
| ശാസ്ത്രസാങ്കേതിക വകുപ്പ് | 1.07 | 1 |
| സംസ്ഥാന വിദ്യുച്ഛക്തി വകുപ്പ് | 46.23 | 16 |
| കേരള വാട്ടർ അതോറിറ്റി | 66.81 | 95 |
| വിദ്യാഭ്യാസ വകുപ്പ് | 57 | 641 |
| പൊതുമരാമത്ത് വകുപ്പ് | 19.61 | 23 |
| സാമൂഹ്യക്ഷേമ വകുപ്പ് | 9.12 | 238 |
| വിനോദസഞ്ചാര വകുപ്പ് | 63.87 | 16 |
| തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് | 107 | 185 |
| ജലസേചന വകുപ്പ് | 156.06 | 293 |